# മഹാത്മാഗാന്ധി സർവ്വകലാശാല

2025 മാർച്ച് 27 -ന് രാവിലെ 10 മണിക്ക് ഹൈബ്രിഡ് മോഡിൽ കൂടിയ വാർഷിക സെനറ്റ് യോഗത്തിന്റെ

## നടപടിക്കുറിപ്പുകൾ

## പങ്കെടുത്തവർ

1. പ്രൊഫ. (ഡോ.) സി.റ്റി അരവിന്ദകുമാർ, വൈസ് ചാൻസലർ (അദ്ധ്യക്ഷൻ)
2. അഡ്വ. റെജി സക്കറിയ, സിൻഡിക്കേറ്റ് അംഗം
3. ഡോ. ബിജു തോമസ്, സിൻഡിക്കേറ്റ് അംഗം
4. ശ്രീ. അമൽ എബ്രഹാം, സിൻഡിക്കേറ്റ് അംഗം
5. ശ്രീ. ഹരികൃഷ്ണൻ പി, സിൻഡിക്കേറ്റ് അംഗം
6. അഡ്വ. പി.ബി സതീഷ് കുമാർ, സിൻഡിക്കേറ്റ് അംഗം,
7. ഡോ. സെനോ ജോസ്, സിൻഡിക്കേറ്റ് അംഗം
8. ശ്രീ. അരുൺ കെ ശശീന്ദ്രൻ, സിൻഡിക്കേറ്റ് അംഗം
9. ഡോ.സുജ റ്റി. വി, സിൻഡിക്കേറ്റ് അംഗം
10. ഡോ. എ. എസ് സുമേഷ്, സിൻഡിക്കേറ്റ് അംഗം
11. ഡോ.ബാബു മൈക്കിൾ, സിൻഡിക്കേറ്റ് അംഗം
12. ഡോ.ജോജി അലക്സ്, സിൻഡിക്കേറ്റ് അംഗം
13. ശ്രീ. രതീഷ് പി.ബി, സിൻഡിക്കേറ്റ് അംഗം
14. ഡോ. ബൈജു എം. കെ, സിൻഡിക്കേറ്റ് അംഗം
15. ഡോ. ജെ. പ്രസാദ്, ചെയർമാൻ, സ്റ്റേറ്റ് അഡ്വൈസറി ബോർഡ് ഓഫ് എഡ്യൂക്കേഷൻ
16. പ്രൊഫ.(ഡോ.) അജിമോൻ ജോർജ്, പ്രിൻസിപ്പൽ, മരിയൻ കോളേജ്, കുട്ടിക്കാനം
17. ഡോ. നൗഷാദ് പി.പി, അസ്സോസിയേറ്റ് പ്രൊഫസർ , സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് & ഡെവലപ്മെൻറ് സ്റ്റഡീസ്, മഹാത്മാഗാന്ധി സർവ്വകലാശാല
18. ഡോ. ബിജു എം.കെ, അസിസ്റ്റൻറ് പ്രൊഫസർ, സ്കൂൾ ഓഫ് മാനേജ്മന്റ് & ബിസിനസ്സ് സ്റ്റഡീസ്, മഹാത്മാഗാന്ധി സർവ്വകലാശാല
19. ഡോ. മഞ്ജുഷ കെ.എ, അസിസ്റ്റൻറ് പ്രൊഫസർ, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് & ഡെവലപ്മെൻറ് സ്റ്റഡീസ്, മഹാത്മാഗാന്ധി സർവ്വകലാശാല
20. ശ്രീ. സാബു മുകുന്ദൻ, ജൂനിയർ സൂപ്പറിൻഡന്റ് , മഹാരാജാസ് കോളേജ്, എറണാകുളം
21. ശ്രീ. സുരേഷ് എം.എസ്, സെക്ഷൻ ഓഫീസർ , മഹാത്മാഗാന്ധി സർവ്വകലാശാല
22. ശ്രീമതി. മായ എൻ, അസോസിയേറ്റ് പ്രൊഫസർ, ഡിപ്പാർട്ട്മെൻറ് ഓഫ് ഫിസിക്സ്, എൻ.എസ്.എസ്. ഹിന്ദു കോളേജ് ,ചങ്ങനാശ്ശേരി
23. ശ്രീ. സുബിൻ വർഗ്ഗീസ്, അസിസ്റ്റൻറ് പ്രൊഫസർ, ഡിപ്പാർട്ട്മെൻറ് ഓഫ് ഇംഗ്ലീഷ്, ദേവമാതാ കോളേജ്, കുറവിലങ്ങാട്
24. ഡോ.ഷിബു എം.ജോർജ്, അസിസ്റ്റൻറ് പ്രൊഫസർ,ഡിപ്പാർട്ട്മെൻറ് ഓഫ് പൊളിറ്റിക്സ്, ബസേലിയസ് കോളേജ്, കോട്ടയം
25. ഡോ. സനിൽ കുമാർ എം.ജി, അസിസ്റ്റൻറ് പ്രൊഫസർ,ഡിപ്പാർട്ട്മെൻറ് ഓഫ് ബോട്ടണി, എസ്.എൻ.എം, കോളേജ്, മാല്യങ്കര
26. ഡോ. ലിബിൻ കുര്യാക്കോസ്, അസിസ്റ്റൻറ് പ്രൊഫസർ,ഡിപ്പർട്ട്മെൻറ് ഓഫ് ഫിസിക്സ്, സെൻറ് തോമസ് കോളേജ്, പാലാ

27. പ്രൊഫ.ഡോ. സിനി കുര്യൻ, അൽ അമീൻ കോളേജ്, എടത്തല, ആലുവ
28. ശ്രീ. ഉണ്ണി എം.എസ്, അസിസ്റ്റൻറ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് മാത്തമാറ്റിക്സ് ദേവസ്വം ബോർഡ് പമ്പ കോളേജ് , പരുമല
29. ശ്രീ. റ്റിറ്റു തോമസ്, അസിസ്റ്റൻറ് പ്രൊഫസർ, ഡിപ്പാർട്ട്മെൻറ് ഓഫ് ഫിസിക്സ്, നിർമ്മല കോളേജ്, മൂവാറ്റുപുഴ
30. ഡോ. ലിബൂസ് ജേക്കബ് എബ്രഹാം ,അസിസ്റ്റൻറ് പ്രൊഫസർ, ഡിപ്പാർട്ട്മെൻറ് ഓഫ് മലയാളം, സെൻറ് തോമസ് കോളേജ്, കോഴഞ്ചേരി
31. അഡ്വ. മുഹമ്മദ് സഫാൻ, സ്കൂൾ ഓഫ് ജെൻഡർ സ്റ്റഡീസ്, മഹാത്മാഗാന്ധി സർവ്വകലാശാല
32. വൈഷ്ണവി ഷാജി, സ്കൂൾ ഓഫ് ജെൻഡർ സ്റ്റഡീസ്, മഹാത്മാഗാന്ധി സർവ്വകലാശാല
33. ശ്രീ. സിബിൻ എൽദോസ്, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് & ഡെവലപ്മെൻറ് സ്റ്റഡീസ്
34. ഗോപിക സുരേഷ്, ഗവ. ലോ കോളേജ് എറണാകുളം
35. പ്രൊഫ. മിനിക്കുട്ടി എ, സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസ്, മഹാത്മാഗാന്ധി സർവ്വകലാശാല
36. ഡോ. ജിഷ എം. എസ്, സ്കൂൾ ഓഫ് ബയോസയൻസ്, മഹാത്മാഗാന്ധി സർവ്വകലാശാല
37. ശ്രീ. എ. ജെ തോമസ്, ഹെഡ് അക്കൌണ്ടന്റ്, സി.എം.എസ്. കോളേജ്, കോട്ടയം
38. ഡോ. ജോബിൻ മാത്യു, അസിസ്റ്റൻറ് പ്രൊഫസർ, ഡിപ്പാർട്ട്മെൻറ് ഓഫ് സുവോളജി, സി.എം.എസ് കോളേജ് കോട്ടയം
39. ഡോ. ഷിജോ കെ ചെറിയാൻ, അസിസ്റ്റൻറ് പ്രൊഫസർ,ഡിപാർട്ട്മെൻറ് ഓഫ് കെമിസ്ട്രി എസ്. ബി. കോളേജ് ചങ്ങനാശേരി
40. ശ്രീ. സജ്ജു മാത്യു, അസിസ്റ്റൻറ് പ്രൊഫസർ, ഡിപ്പാർട്ട്മെൻറ് ഓഫ് മലയാളം, യൂണിയൻ ക്രസ്റ്റ്യൻ കോളേജ്, ആലുവ
41. ശ്രീ. സജിത്ത് ബാബു എസ്, അസിസ്റ്റൻറ് പ്രൊഫസർ, ഡിപ്പാർട്ട്മെൻറ് ഓഫ് ഫിസിക്സ്, കാത്തോലിക്കേറ്റ് കോളേജ്, പത്തനംതിട്ട
42. ശ്രീ. വാഴൂർ സോമൻ, എം.എൽ.എ
43. ശ്രീ. ജോയൽ ബാബു, മഹാരാജാസ് കോളേജ്, എറണാകുളം
44. ശ്രീ. സജി തോമസ്, ലാബ് അസിസ്റ്റൻറ്, മാർ തോമ കോളേജ്, തിരുവല്ല
45. ഡോ. സിമി സെബാസ്റ്റ്യൻ, അസിസ്റ്റൻറ് പ്രൊഫസർ, ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റാറ്റിസ്റ്റിക്സ്, ഗവ. കോളേജ്, കട്ടപ്പന
46. കുമാരി. അമലേന്ദു ദാസ്, അൽ അസർ കോളേജ്, തൊടുപുഴ

**ഓൺലൈനായി പങ്കെടുത്തവർ**

1. ശ്രീ. തോമസ് ആൻറണി, അസിസ്റ്റൻറ് പ്രൊഫസർ , ഡിപ്പാർട്ട്മെൻറ് ഓഫ് ബോട്ടണി , മഹാരാജാസ് കോളേജ്
2. ശ്രീ. ജോസഫ് ഡെറിൽ കെ.എസ്, അസ്സോസിയേറ്റ് പ്രൊഫസർ, ഡിപാർട്ട്മെൻറ് ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷസ്, എം.ഇ.എസ് കോളേജ് ,മാറമ്പള്ളി

3. ഡോ. സിറിയക് ജോസ്, അസിസ്റ്റൻറ് പ്രൊഫസർ, ഡിപാർട്ട്മെൻറ് ഓഫ് ആർക്കിയോളജി, സെൻ്റ് തോമസ് കോളേജ് പാലാ

4. പ്രൊഫ. (ഡോ.) ഐസൺ വി. വഞ്ചിപ്പുരയ്ക്കൽ, പ്രിൻസിപ്പൽ ,കെ.ഇ. കോളേജ്, മാന്നാനം

5. ഡോ. ജിജി പി. വി, സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ട്, മഹാത്മാഗാന്ധി സർവ്വകലാശാല

6. ഡോ. വിനോദ് കുമാർ എസ്, സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസ്, മഹാത്മാഗാന്ധി സർവ്വകലാശാല

7. ഡോ. രഞ്ജിത്ത് മോഹൻ പി, അസിസ്റ്റൻ്റ് പ്രൊഫസർ, ഡിപ്പാർട്ട്മെൻ്റ് ഓഫ് കോമേഴ്സ്, ഗവൺമെൻ്റ് കോളേജ് ,കോട്ടയം

കൂടാതെ, രജിസ്ട്രാർ പ്രൊഫ. (ഡോ.) ബിസ്മി ഗോപാലകൃഷ്ണൻ – ഉം ഹാജരായിരുന്നു.

രാവിലെ 10.00 മണിക്ക് വൈസ് ചാൻസലർ പ്രൊഫ. (ഡോ) സി.റ്റി അരവിന്ദകുമാർ -ൻെറ അദ്ധ്യക്ഷതയിൽ യോഗനടപടികൾ ആരംഭിച്ചു. എല്ലാ അംഗങ്ങളെയും അദ്ധ്യക്ഷൻ സെനറ്റ് യോഗത്തിലേക്ക് സ്വാഗതം ചെയ്യുകയും അംഗങ്ങൾ സ്വയം പരിചയപ്പെടുത്തുകയും ചെയ്തു.

തുടർന്ന്, അനുശോചനപ്രമേയം അവതരിപ്പിക്കുന്നതിനായി അദ്ധ്യക്ഷൻ രജിസ്ട്രാറെ ക്ഷണിച്ചു.

## അനുശോചന പ്രമേയം

*മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന്റെ നിര്യാണത്തിൽ മഹാത്മാഗാന്ധി സർവകലാശാല സെനറ്റ് യോഗം അനുശോചനം രേഖപ്പെടുത്തുന്നു. 2004 മുതൽ 2014 വരെ തുടർച്ചയായി രണ്ടു തവണ ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന അദ്ദേഹം രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ ഉദാരവത്കരിക്കുന്ന നിരവധി പരിഷ്കരണങ്ങൾക്ക് തുടക്കമിടുകയുായി. സാധാരണ ജനങ്ങൾക്ക് ഗുണകരമാകുന്ന സുപ്രധാന നിയമ നിർമാണങ്ങൾ നടത്താനും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള സർക്കാരിനു സാധിച്ചത് ഈ അവസരത്തിൽ അനുസ്മരിക്കുന്നു.*

*മലയാളത്തിന്റെ മഹാ സാഹിത്യകാരൻ എം.ടി. വാസുദേവൻ നായരും 2024–ാം ആണ്ടിന്റെ അവസാനത്തിൽ നമ്മോട് വിടപറഞ്ഞു. സാഹിത്യത്തിന്റെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര ചാർത്തുകയും നിരവധി എഴുത്തുകാരുടെ വളർച്ചയ്ക്ക് വഴികാട്ടിയാകുകയും ചെയ്ത അദ്ദേഹം അക്കാദമിക മേഖലയ്ക്ക് അതുല്യ ഭാവനകൾ നൽകി. 1996 നവംബർ മാസത്തിൽ എം.ടിക്ക് ഡിലിറ്റ് നൽകി ആദരിക്കാൻ സർവകലാശാലയ്ക്ക് കഴിഞ്ഞത് അഭിമാനപൂർവ്വം സ്മരിക്കുന്നു.*

*പ്രശസ്ത തബല വിദ്വാൻ ഉസ്താദ് സാക്കിർ ഹുസൈൻ, മെഡിക്കൽ ബയോകെമിസ്ട്രി മേഖലയിലെ പ്രശസ്ത ശാസ്ത്രജ്ഞനും അധ്യാപകനും നൊബേൽ പുരസ്കാര ജൂറി*

*അംഗവുമായിരുന്ന ഡോ. മാധവ ഭട്ടതിരി, ഹൃദയ ശസ്ത്രക്രിയാ വിദഗ്ധൻ ഡോ.കെ.എം. ചെറിയാൻ, പ്രശസ്ത സർജനും കോട്ടയം മെഡിക്കൽ കോളേജിലെ ആദ്യ സൂപ്രണ്ടുമായ ഡോ. മാത്യു വർഗീസ് കുരുടാമണ്ണിൽ, പ്രമുഖ വൃക്കരോഗ ചികിത്സാ വിദഗ്ധൻ ഡോ. ജോർജ് പി. ഏബ്രഹാം, കർണാടക മുൻ മുഖ്യമന്ത്രിയും, വിദേശകാര്യ മന്ത്രിയുമായിരുന്ന എസ്.എം. കൃഷണ, ഹരിയാന മുൻ മുഖ്യമന്ത്രി ഓംപ്രകാശ് ചൗതാല, കേരളത്തിലെ മുൻ മന്ത്രിയും കോൺഗ്രസ് നേതാവുമായ എം.ടി. പത്മ, മുൻ എം.പിയും മുതിർന്ന മാധ്യമ പ്രവർത്തകനും ചലച്ചിത്ര നിർമാതാവും കവിയുമായ പ്രതീഷ് നന്ദി, മുൻ എം.എൽ.എയും സിപിഐ നേതാവുമായ പി.രാജു, സിപിഎം കോട്ടയം ജില്ലാ സെക്രട്ടറി വി റസ്സൽ, ഹോളിവുഡിൽ ഉൾപ്പെടെ പ്രവർത്തിച്ച ചലച്ചിത്ര നടനും നിർമ്മാതാവും തിരക്കഥാകൃത്തുമായ തോമസ് ബർലി, വിഖ്യാത ചലച്ചിത്ര സംവിധായകൻ ശ്യാം ബെനഗൽ, സിനിമ സംവിധായകൻ ഷാഫി, അഭിനേതാക്കളായ ഡൽഹി ഗണേഷ്, ടി.പി കുഞ്ഞിക്കണ്ണൻ, മേഘനാഥൻ, മീന ഗണേഷ്, എസ്. ശിവൻ, ദിലീപ് ശങ്കർ, സിനിമ നിർമ്മാതാവ് മനു പത്മനാഭൻ നായർ സിനിമ, സീരിയൽ നടൻ അജിത് വിജയൻ, മൃദംഗ വിദ്വാൻ വി. കമലാകർ റാവു, പൂഞ്ഞാർ രാജകുടുംബത്തിലെ വലിയ തമ്പുരാട്ടി അത്തം തിരുനാൾ അംബിക തമ്പുരാട്ടി, മുതിർന്ന മാധ്യമ പ്രവർത്തകനും എഴുത്തുകാരനും നിരൂപകനും തിരക്കഥാകൃത്തുമായിരുന്ന എസ്. ജയചന്ദ്രൻ നായർ, എഴുത്തുകാരൻ ഓംചേരി നാരായണപിള്ള, പ്രമുഖ വിവർത്തകനും സാഹിത്യകാരനും നിരൂപകനുമായ എം.പി. സദാശിവൻ, ദളിത് ചിന്തകനും എഴുത്തുകാരനുമായ കെ.കെ കൊച്ച്, ഗാനരചയിതാവും തിരകഥാ-സംഭാഷണ രചയിതാവുമായ മങ്കൊമ്പ് ഗോപാലകൃഷ്ണൻ, കവിയും ഗാനരചയിതാവും നോവലിസ്റ്റുമായ വാസുദേവൻ, കഥാകൃത്തും അധ്യാപകനും സിനിമാ നിരൂപകനുമായ ശ്രീവരാഹം ബാലകൃഷ്ണൻ, പ്രശസ്ത ജ്യോതിഷിയും വാഗ്മിയും ഗ്രന്ഥകാരനുമായ പൂഞ്ഞാർ മിത്രൻ നമ്പൂതിരിപ്പാട്, ആകാശവാണി മുൻ സ്റ്റേഷൻ ഡയറക്ടർ എൻ.എസ്. കൃഷ്ണമൂർത്തി, വാഗ്മിയും സംഗീത നാടക അക്കാദമി മുൻ സെക്രട്ടറിയുമായ പി. അപ്പുക്കുട്ടൻ എന്നിവരുടെ വിയോഗത്തിലും മഹാത്മാഗാന്ധി സർവകലാശാല സെനറ്റ് യോഗം അനുശോചനം രേഖപ്പെടുത്തുന്നു.*

ശേഷം അദ്ധ്യക്ഷൻ അനുമോദന പ്രമേയം അവതരിപ്പിച്ചു.

## അനുമോദന പ്രമേയം

*കഴിഞ്ഞ സെനറ്റ് യോഗത്തിനുശേഷമുള്ള കാലയളവിൽ നമ്മുടെ സർവകലാശാല വിവിധ മേഖലകളിൽ തിളക്കമാർന്ന നേട്ടങ്ങൾ കൈവരിക്കുകയുണ്ടായി. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ കാറ്റഗറി 1 ഗ്രേഡ് ലഭിച്ചതാണ് അതിൽ ഏറ്റവും അഭിമാനകരം.*

*യുജിസിയുടെ മുൻകൂർ അനുമതിയില്ലാതെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനും സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും ഉൾപ്പെടെ സ്വയംഭരണാവകാശം കൈവരിക്കുന്ന സംസ്ഥാനത്തെ ആദ്യ സർവകലാശാലയെന്ന ഖ്യാതികൂടിയാണ് ഇതുവഴി നമുക്ക് സ്വന്തമായിരിക്കുന്നത്.*

നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിനേഷൻ കൗൺസിലിന്റെ(നാക്) നാലാം സൈക്കിൾ റീ അക്രഡിനേഷനിൽ നേടിയ എ ഡബിൾ പ്ലസ് ഗ്രേഡും 3.61 ഗ്രേഡ് പോയിന്റ് ശരാശരിയും ടൈംസ് ഹയർ എജ്യുക്കേഷന്റെ ആഗോള റാങ്കിൽ തുടർച്ചയായി നിലനിർത്തുന്ന മികവുമെല്ലാം ഈ നേട്ടത്തിന് സഹായകമായി. സർവകലാശാലയുടെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്ന ഈ അംഗീകാര നേട്ടത്തിന്റെ ആഹ്ലാദത്തിൽ സെനറ്റ് യോഗവും പങ്കുചേരുന്നു.

നാക് ഗ്രേഡിംഗിലെന്ന പോലെ ഈ അംഗീകാരത്തിലേക്കും നമ്മെ നയിച്ച ബഹുമാനപ്പെട്ട വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാറിനെയും നടപടികൾ ഏകോപിപ്പിച്ച ഐക്യുഎസി ഡയറക്ടർ ഡോ.റോബിനെറ്റ് ജേക്കബിനെയും സർവകലാശാല സമൂഹത്തെ പൊതുവിലും ഈ യോഗം അഭിനന്ദിക്കുന്നു.

സംസ്ഥാന സർക്കാരിന്റെ 2024ലെ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്കിൽ സർവകലാശാല വിഭാഗത്തിൽ മഹാത്മാഗാന്ധി സർവകലാശാല മൂന്നാം സ്ഥാനം നേടിയതിന്റെ സന്തോഷവും ഇതോടൊപ്പം പങ്കുവയ്ക്കുന്നു.

നാലു വർഷ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ ആദ്യ സെമസ്റ്റർ പരീക്ഷ പൂർത്തിയായി മൂന്നാം ദിവസം ഫലം പ്രസിദ്ധീകരിക്കാൻ സർവകലാശാലയ്ക്ക് കഴിഞ്ഞു. സംസ്ഥാന സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ പരിഷ്കരണത്തിന്റെ ഭാഗമായ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ തയ്യാറെടുപ്പ് ഘട്ടത്തിൽ പുലർത്തിയ ജാഗ്രതയും മികവും പ്രോഗ്രാമുകളുടെ നടത്തിപ്പിലും നിലിനിർത്താൻ സർവകലാശാലയ്ക്കും അഫിലിയേറ്റഡ് കോളജുകൾക്കും കഴിയുന്നു എന്നതാണ് ഇതിലൂടെ വ്യക്തമാകുന്നത്.

പരീക്ഷാ ഫലം വളരെ വേഗത്തിൽ പ്രസിദ്ധീകരിക്കുന്നതിന് മുൻകൈ എടുത്ത ബഹു. വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച സിൻഡിക്കേറ്റ് അംഗങ്ങൾ, രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഓണേഴ്സ് ബിരുദവുമായി ബന്ധപ്പെട്ട സബ് കമ്മിറ്റി കൺവീനർമാർ, കോളജ് മാനേജ്മെന്റുകൾ, പ്രിൻസിപ്പൽമാർ, അധ്യാപകർ, അനധ്യാപക ജീവനക്കാർ, സർവകലാശാലാ ജീവനക്കാർ എന്നിവരെ സർവകലാശാല സെനറ്റ് അഭിനന്ദിക്കുന്നു.

മഹാത്മാഗാന്ധി സർവകലാശാലയുടെ ബഹുമാനപ്പെട്ട ചാൻസലറും സംസ്ഥാന ഗവർണറുമായ രാജേന്ദ്ര വിശ്വനാഥ് അർലേക്കറുടെ സന്ദർശനം വിജകരമായി ഏകോപിപ്പിച്ച ബഹുമാനപ്പെട്ട വൈസ് ചാൻസലറെയും ഇതിനുള്ള പ്രവർത്തനങ്ങളിൽ പങ്കുചേർന്ന എല്ലാവരെയും അനുമോദിക്കുന്നു.

ഉന്നത വിദ്യാഭ്യാസ മേഖലയിലെ കാലോചിത പരിഷ്കാരങ്ങളുടെ ഭാഗമായി സംസ്ഥാന സർക്കാർ മഹാത്മാഗാന്ധി സർവകലാശാലയിൽ ആരംഭിക്കുന്ന മികവിന്റെ കേന്ദ്രത്തിന് ധാര

ണാപത്രമായി. ശാസ്ത്ര, സാങ്കേതിക, സംരംഭകത്വ മേഖലകളുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾക്കും തുടർ പ്രവർത്തനങ്ങൾക്കുമായുള്ള കേന്ദ്രമാണ് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനു കീഴിൽ സർവകലാശാലയിൽ തുടങ്ങുന്നത്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സയൻസ്, ടെക്നോളജി ആന്റ് ഇന്നവേഷൻ എന്ന പേരിലായിരിക്കും സ്ഥാപനം അറിയപ്പെടുക. പ്രസ്തുത കേന്ദ്രം അനുവദിച്ചതിൽ ഈ യോഗം സംസ്ഥാന സർക്കാരിന് നന്ദി അറിയിക്കുകയും സർവകലാശാലാ സമൂഹത്തിന്റെ സന്തോഷത്തിൽ പങ്കുചേരുകയും ചെയ്യുന്നു.

യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജ് എന്ന രാജ്യാന്തര സംഘടനയുടെ യൂണിറ്റ് രാജ്യത്തുതന്നെ ആദ്യമായി ആരംഭിച്ച സർവകലാശാലയായ എം.ജി സർവകലാശാല ഈ മേഖലയിൽ സൃഷ്ടിച്ച പുതു മാതൃകയ്ക്ക് രാജ്യാന്തര അംഗീകാരം ലഭിച്ചിരിക്കുകയാണ്.

മാർച്ച് 31 മുതൽ ഹോങ്കോംഗ് മെട്രോപ്പൊളിറ്റൻ സർവകലാശാലയിൽ നടക്കുന്ന അസോസിയേഷൻ ഓഫ് ഇന്റർനാഷണൽ യൂണിവേഴ്സിറ്റീസ് ഓഫ് ദ തേഡ് ഏജിന്റെ അന്താരാഷ്ട്ര സമ്മേളനത്തിൽ ലോകത്തിലെ മൂന്നാമത്തെയും ഇന്ത്യയിൽനിന്നുള്ള ആദ്യത്തെയും മാതൃകയായി എം.ജി സർവകലാശാല യൂണിറ്റിനെ അവതരിപ്പിക്കും. ബഹുമാനപ്പെട്ട വൈസ് ചാൻസലറുടെ നേതൃത്വത്തിൽ 22 അംഗ സംഘം സമ്മേളനത്തിൽ പങ്കെടുക്കും. വൈസ് ചാൻസലർക്കും യു3എ ഡയറക്ടർ ഡോ. ടോണി കെ. തോമസിനും യു3എ അംഗങ്ങൾ, സഹകാരികൾ എന്നിവർക്കും സർവകലാശാല സെനറ്റ് യോഗത്തിന്റെ അനുമോദനങ്ങൾ.

ഭാഭ ആണവ ഗവേഷണ കേന്ദ്രത്തിന്റെ സംസ്ഥാനത്തെ ആദ്യത്തെ അഡ്വാൻസ്ഡ് നോളജ് ആന്റ് റൂറൽ ടെക്നോളജി ഇംപ്ലിമെന്റേഷൻ സെന്റർ (അകൃതി) മഹാത്മാ ഗാന്ധി സർവകലാശാലയിൽ തുറക്കുന്നതിന് ധാരണയായി. ഗ്രാമീണ മേഖലയുടെ പുരോഗതിക്ക് ഉപകരിക്കുന്ന രീതിയിൽ പുത്തൻ ശാസ്ത്ര-സാങ്കേതിക വിദ്യകൾ സാധാരണക്കാർക്ക് ലഭ്യമാക്കുകയാണ് ഇതുവഴി ഉദ്ദേശിക്കുന്നത്.

സർവകലാശാലയിലെ ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെന്ററിനാണ് അകൃതി കേന്ദ്രത്തിന്റെ ചുമതല. സർവകലാശാലയ്ക്കും പൊതുജനങ്ങൾക്കും പ്രയോജനകരമായ പുതിയ ചുവടുവയ്പ്പ് നടത്താൻ കഴിഞ്ഞതിൽ ബഹു. വൈസ് ചാൻസലർക്കും ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെന്റർ മേധാവി ഡോ. ഇ.കെ രാധാകൃഷ്ണനും അഭിനന്ദനങ്ങൾ.

പരിസ്ഥിതി മലിനീകരണത്തിന് കാരണമാകുന്ന കരിക്കിന്റെ തൊണ്ടിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്ന സാങ്കേതികവിദ്യ മഹാത്മാഗാന്ധി സർവകലാശാലയിലെ ഗവേഷകർ വിജകരമായി വികസിപ്പിച്ചെടുക്കുകയുണ്ടായി. സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിലെ എബിൻ ജോൺ വർഗീസിന്റെ എം.ടെക് പ്രോഗ്രാമിന്റെ ഭാഗമായുള്ള ഗവേഷണത്തിലാണ് കണ്ടെത്തൽ.

സസ്യങ്ങളുടെ കോശഭിത്തിയിലെ ജൈവ പോളിമെറായ ലീഗ്നിൻ ഘടകം കൂടുതലുള്ള

*കരിക്കിൻതൊണ്ടിൽ നിന്നും 48 മണിക്കൂറിനുള്ളിൽ സൂക്ഷ്മാണുക്കളുടെ പ്രവർത്തനത്തിലൂടെ ജൈവ വിഘടനം നടത്തി ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന 'ജെ. പി കിരൺ'എന്ന സാങ്കേതിക വിദ്യ കണ്ടെത്തിയ എബിൻ ജോൺ വർഗീസിനും ഗവേഷണത്തിന് മേൽനോട്ടം വഹിച്ച മുൻ വൈസ് ചാൻസലർ പ്രഫ. സാബു തോമസ്, ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെന്റർ ഡയറക്ടർ ഡോ. ഇ.കെ. രാധാകൃഷ്ണൻ, സ്കൂൾ ഓഫ് എൻയവയോൺമെന്റൽ സയൻസസ് മേധാവി ഡോ.മഹേഷ് മോഹൻ, ഡോ. സി. ചന്ദന എന്നിവർക്കും സെനറ്റിന്റ അഭിനന്ദനം. ഗവേഷണ മേൽനോട്ടത്തിൽ പങ്കാളിയായിരുന്ന അന്തരിച്ച കാർഷിക ശാസ്ത്രജ്ഞൻ ഡോ.സി.എ. ജയപ്രകാശിനെ ഈ അവസരത്തിൽ അനുസ്മരിക്കുന്നു.*

*ഇന്ത്യൻ ഭരണഘടന നിർമാണ സഭയിലെ ഏക ദളിത് വനിതയും ഏറ്റവും പ്രായം കുറഞ്ഞ അംഗവുമായിരുന്ന ദാക്ഷായണി വേലായുധനെ പുതു തലമുറയ്ക്ക് വിശദമായി പരിചയപ്പെടുത്തുന്ന ഡിജിറ്റൽ ആർക്കൈവ്സ് സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ വ്യവസായ, നിയമ വകുപ്പ് മന്ത്രി പി. രാജീവ് നവംബർ 26ന് ഉദ്ഘാടനം ചെയ്യുകയുായി. രാജ്യാന്തര നിലവാരത്തിലുള്ള ആർക്കൈവ്സ് തയ്യാറാക്കിയതിൽ സ്കൂൾ ഡയറക്ടറായ രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണനും ആർക്കൈവ്സ് കോ-ഓർഡിനേറ്റർ ഡോ. പി.എം.ആരതിക്കും സഹപ്രവർത്തകർക്കും സെനറ്റിന്റെ അഭിനന്ദനങ്ങൾ.*

*പഴവർഗ്ഗങ്ങൾ കേടുകൂടാതെ ദീർഘനാൾ സൂക്ഷിക്കുന്നതിന് സഹായകമായ സാങ്കേതിക വിദ്യയിൽ തുടർപഠനത്തിന് യഥേഷ്ട് അഡ്വാൻസ്ഡ് ടെക്നോളജിസ് പ്രൈവറ്റ് ലിമിറ്റഡും മഹാത്മാ ഗാന്ധി സർവകലാശാലയും തമ്മിൽ ധാരണയായി. യഥേഷ്ട് കമ്പനി വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യ കർഷകർക്ക് ഏറെ പ്രയോജനകരമാകുന്ന രീതിയിൽ വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനു മുന്നോടിയായാണ് സർവകലാശാലയിലെ ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെന്ററിന്റെ(ബിഐഐസി) പിന്തുണയോടെ തുടർപഠനം നടത്തുന്നത്. ബിഐഐസിക്ക് അനുമോദനങ്ങളും തുടർപ്രവർത്തനങ്ങൾക്ക് വിജയാശംസകളും നേരുന്നു.*

*ഫ്രാൻസിലെ ഉന്നത വിദ്യാഭ്യാസ കേന്ദ്രമായ മെൻസ് ടെലികോം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓണററി ഡോക്ടറേറ്റും കസാഖ്സ്ഥാനിലെ സത്ബയേവ് സർവകലാശാലയിൽനിന്നും ഹോണററി പ്രഫസർ പദവിയും ലഭിച്ച മഹാത്മാഗാന്ധി സർവകലാശാലാ മുൻ വൈസ് ചാൻസലറും സ്കൂൾ ഓഫ് നാനോസയൻസ് ആന്റ് നാനോ ടെക്നോളജി ഡയറക്ടറുമായ പ്രഫ. സാബു തോമസിന് ഈ യോഗത്തിന്റെ അഭിനന്ദനങ്ങൾ.*

*ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിൻറെ(ഐ.സി.എം.ആർ) ഫസ്റ്റ് ഇൻ ദ വേൾഡ് ചലഞ്ച് ഗ്രാൻറിന് മഹാത്മാഗാന്ധി സർവകലാശാലയുടെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ചിലെ ശാസ്ത്രജ്ഞൻ ഡോ. ഗൗതം ചന്ദ്ര അർഹനായി.*

*4ഡി ബയോ പ്രിന്റിംഗിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി നാഡീ കോശങ്ങൾ പുനർസൃഷ്ടിക്കുന്ന സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനാണ് ഏഴു കോടി രൂപയുടെ ഗ്രാന്റ്. ഇദ്ദേഹത്തിന് അഭിനന്ദനമർപ്പിക്കുകയും തലച്ചോറിനും നാഡീവ്യൂഹത്തിനുമു ാകുന്ന പരിക്കുകളുടെ ചികിത്സയിൽ ഏറെ നിർണായകമാകുന്ന ഈ പഠനത്തിന് വിജയാശംസ കൾ നേരുകയും ചെയ്യുന്നു.*

*മൈക്രോ ബയോളജിസ്റ്റ്സ് സൊസൈറ്റി ഇന്ത്യയുടെ 2024ലെ സീനിയർ സയൻറിസ്റ്റ് അവാർഡ് നേടിയ സ്കൂൾ ഓഫ് ഫുഡ് സയൻസ് ആൻറ് ടെക്നോളജി മേധാവി പ്രഫ. എം.സ് ജിഷ, ധ്രുവ മേഖലയിലെ ഇന്ത്യയുടെ രാം ശീതകാല പര്യവേഷണസംഘത്തിലേക്ക് തിര ഞ്ഞെടുക്കപ്പെട്ട സ്കൂൾ ഓഫ് എൻവയോൺമെൻറൽ സയൻസസിലെ ഗവേഷണ വിദ്യാർഥി*

*എം. വിഷ്ണു ശ്രീജിത്ത്, ഇറ്റാലിയൻ വിദേശകാര്യ മന്ത്രാലയത്തിന്റെ ഗവേഷണ ഗ്രാന്റിന്(എംഎഇസിഐ) അർഹയായ സ്കൂൾ ഓഫ് എൻയവയോൺമെന്റൽ സയൻസസിലെ ഗവേഷണ വിദ്യാർഥിനി വി.കെ. സരിത, സംസ്ഥാന സ്റ്റാർട്ടപ്പ് മിഷനും സെന്റർ ഫോർ എക ്സലൻസ് ഇൻ മൈക്രോബയോമും സംയുക്തമായി കൊച്ചിയിൽ സംഘടിപ്പിച്ച കോൺക്ലേവിന്റെ ഭാഗമായ ഐഡിയത്തോണിൽ മഹാത്മാ ഗാന്ധി സർവകലാശാലയെ പ്രതിനിധീകരിച്ച് പുര സ്കാരം നേടിയ സ്കൂൾ ബയോസയൻസസിലെ ഗവേഷണ വിദ്യാർഥികളായ എസ്. ഗായത്രി, ജീന സൂസൻ ജോസഫ്, യുഎഇ വിദേശകാര്യ മന്ത്രാലയത്തിന്റെ ഗവേഷണ ഗ്രാന്റ് നേടിയ സർവകലാശാലയിലെ ബിരുദാനന്തര ബിരുദ വിദ്യാർഥിനി സി. ജയലക്ഷ്മി എന്നിവർക്ക് അഭിന ന്ദനങ്ങൾ.*

*മഹാത്മാഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് ലെറ്റേഴ്സിലെ വൈക്കം മുഹമ്മദ് ബഷീർ ചെയറിന്റെ ചെയർ പ്രഫസറായി നിയോഗിക്കപ്പെട്ട സ്കൂൾ ഓഫ് ലെറ്റേഴ്സ് മുൻ ഡയ റക്ടർ ഡോ. കെ.എം. കൃഷ്ണൻ, സർവകലാശാലയുടെ സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിലെ കെ.പി.എസ് മേനോൻ ചെയറിന്റെ ചെയർ പ്രഫസറായി ചുമതലയേറ്റ മുൻ നയതന്ത്ര ഉദ്യോഗസ്ഥൻ വേണു രാജാമണി, സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽ നൊബേൽ സമ്മാന ജേതാക്കളായ ജോൺ ബി ഗുഡ്നൗഫ്, എം. സ്റ്റാൻലി വിറ്റിംഗ്ഹാം, അകിര യോഷിനോ എന്നിവരുടെ പേരിലുള്ള ചെയറിൽ ചെയർ പ്രഫസറായി പുനർനിയമിക്കപ്പെട്ട ഫ്രാൻസിലെ ഐ.എം.ടി മൈൻസ് ആൽബി സർവകലാശാലയിലെ പ്രൊഫ. ആൻജ്ജ് സീഹു എന്നിവരെയും ഈ യോഗം അനുമോദിക്കു ന്നു.*

*മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഫുഡ് സയൻസ് ആന്റ് ടെക്നോ ളജിയിലെ വിദ്യാർഥികൾക്ക് വിവിധ മേഖലകളിൽ ഗുണകരമാകുന്ന രീതിയിൽ കോയമ്പത്തൂരിലെ തമിഴ്നാട് അഗ്രിക്കൾച്ചറൽ സർവകലാശാല(ടി.എൻ.എ.യു),*

ഹൈദരാബാദിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലെറ്റ് റിസർച്ച് (ഐഐഎംആർ) എന്നിവയുമായി സർവകലാശാല ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയുായി. അക്കാദമിക, ഗവേഷണ മേഖലകളിൽ സഹകരണത്തിന് സെർബിയയിലെ ബൽഗ്രേഡിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്സു (ഐപിബി) മായും കോഴിക്കോട്ടെ ജലവിഭവ വികസന വിനിയോഗ കേന്ദ്രവു(സി.ഡബ്ല്യൂ.ആർ.ഡി.എം)മായും നമ്മുടെ സർവകലാശാല ധാരണയായി. ഇതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച വൈസ് ചാൻസലർക്കും രജിസ്ട്രാർക്കും വകുപ്പ് മേധാവികൾക്കും അഭിനന്ദനങ്ങൾ.

ഇക്കാലയളവിൽ കായിക മേഖലയിലും ശ്രദ്ധേയ നേട്ടങ്ങൾ കൈവരിക്കാൻ സർവകലാശാലയ്ക്ക് സാധിച്ചു. ദക്ഷിണ മേഖലാ അന്തർ സർവകലാശാലാ പുരുഷ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കിരീടവും ദക്ഷിണ മേഖലാ അന്തർ സർവകലാശാലാ ഹാൻഡ്ബോൾ ചാമ്പ്യൻഷിപ്പിലെ പുരുഷ, വനിതാ വിഭാഗങ്ങളിൽ രണ്ടാം സ്ഥാനവും നേടി. അഖിലേന്ത്യ അന്തർ സർവകലാശാല ബെസ്റ്റ് ഫിസിക് ചാമ്പ്യൻഷിപ്പിൽ എം.കെ. ഇർഫാനും അഖിലേന്ത്യാ അന്തർ സർവകലാശാല സൈക്ലിംഗ് ചാമ്പ്യൻഷിപ്പിൽ 500 മീറ്റർ ടൈം ട്രയൽ റേസിൽ വി.എസ് സഞ്ജനയും വെള്ളി മെഡൽ സ്വന്തമാക്കി. ജേതാക്കൾക്കും ഇവരുടെ ഏകോപനം നിർവഹിച്ച സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് മേധാവി ഡോ. ബിനു ജോർജ് വർഗീസിനും ഉദ്യോഗസ്ഥർക്കും അഭിനന്ദനങ്ങൾ.

നോയിഡയിലെ അമിറ്റി സർവകലാശാലയിൽ നടന്ന അഖിലേന്ത്യ അന്തർ സർവകലശാലാ കലോത്സവത്തിൽ മഹാത്മാഗാന്ധി സർവകലാശാല മൂന്നാം സ്ഥാനം നേടി. നേട്ടത്തിലേക്ക് നയിച്ച വിദ്യാർഥികൾക്കും ഏകോപനം നിർവഹിച്ച ഡി.എസ്.എസ് ഡയറക്ടർ ഏബ്രഹാം കെ. സാമുവലിനും അധ്യാപകർക്കും ജീവനക്കാർക്കും അഭിനന്ദനങ്ങൾ.

മഹാത്മാഗാന്ധി സർവകലാശാലയിലെ 2023 വർഷത്തെ മികച്ച നാഷണൽ സർവീസ് സ്കീം യൂണിറ്റിനുള്ള പുരസ്കാരം നേടിയ പാലാ അൽഫോൻസാ കോളജ്, രണ്ടാം സ്ഥാനം

നേടിയ തൊടുപുഴ ന്യൂമാൻ കോളജ്, മികച്ച എൻ.സി.സി യൂണിറ്റിന് മഹാത്മാഗാന്ധി സർവകലാശാല പുതിയതായി ഏർപ്പെടുത്തിയ ജനറൽ ബിപിൻ റാവത്ത് അവാർഡ് നേടിയ തിരുവല്ല മാർത്തോമ കോളജ് എന്നിവയ്ക്കും യഥാക്രമം മികച്ച എൻ.എസ്.എസ് സൗഹൃദ പ്രിൻസിപ്പലിനും മികച്ച പ്രോഗ്രാം ഓഫീസർക്കുമുള്ള പുരസ്കാരങ്ങൾ നേടിയ സെന്റ് തോമസ് കോളജിലെ റവ ഡോ. ഷാജി ജോൺ പുന്നത്താനത്തുകുന്നേൽ ഡോ. സിമി മോൾ സെബാസ്റ്റ്യൻ എന്നിവർക്കും സെനറ്റിന്റെ അഭിനന്ദനങ്ങൾ

മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ലെറ്റേഴ്സിന്റെ 'ആറാമത്തെ വിരൽ' എന്ന നാടകം സംസ്ഥാന സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ നടക്കുന്ന അന്താരാഷ്ട്ര നാടകോത്സവത്തിലേക്ക് (ഇറ്റ്ഫോക്ക്) തെരഞ്ഞെടുക്കപ്പെട്ടിരുന്നു. ആകെ മൂന്ന് മല

*യാള നാടകങ്ങൾ മാത്രമാണ് മേളയിൽ ഇടം നേടിയത്. നാടകത്തിന്റെ രചനയും സംവിധാനവും നിർവഹിച്ച സ്കൂൾ ഓഫ് ലെറ്റേഴ്സിലെ അധ്യാപകൻ ഡോ. അജു കെ. നാരായണൻ, പ്രധാന അഭിനേതാക്കളായ സ്കൂൾ ഓഫ് ലെറ്റേഴ്സിലെ മുൻ വിദ്യാർഥി സിദ്ധാർത്ഥ ശിവ, നിലവിലെ ഗവേഷണ വിദ്യാർഥി രാകേഷ് പാലിശേരി എന്നിവർക്കും നാടകത്തിന്റെ അരങ്ങിലും അണിയറയിലും പ്രവർത്തിച്ച മറ്റെല്ലാവർക്കും സർവകലാശാല സെനറ്റിന്റെ അഭിനന്ദനങ്ങൾ.*

*നമ്മുടെ സർവകലാശാലയിലെ അഡ്വാൻസ്ഡ് സെന്റർ ഫോർ എൻവയോൺമെന്റൽ സ്റ്റഡീസ് ആന്റ് സസ്റ്റെയ്നബിൾ ഡവലപ്മെന്റിൽ(എ.സി.ഇ.എസ്.എസ്.ഡി) നടന്നുവരുന്ന പഠനങ്ങളുടെ ഭാഗമായി പുതിയൊരു മണ്ണിര വർഗത്തെക്കൂടി കണ്ടെത്തുകയു*ണ്ടായി *അയ്യേറിയെല്ല എന്ന പുതിയ മണ്ണിര വർഗത്തെക്കുറിച്ചുള്ള പ്രബന്ധം ന്യൂസിലാൻഡിൽനിന്ന് പ്രസിദ്ധീകരിക്കുന്ന സൂടാക്സ രാജ്യാന്തര ജേണലിൽ പ്രസിദ്ധീകരിച്ചു.*

*എ.സി.ഇ.എസ്.എസ്.ഡിയിലെ ഗവേഷകൻ ഡോ. എസ്. പ്രശാന്ത് നാരായണൻ, ഡയറക്ടർ ഡോ. എ.പി. തോമസ്, സുവോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ മുൻ ജോയിന്റ് ഡയറക്ടറും ഹിമാചൽ പ്രദേശിലെ ശുലീനി സർവകലാശാലയിലെ അധ്യാപകനുമായ ഡോ. ജെ.എം. ജുൽക്ക എന്നിവരടങ്ങിയ പഠന സംഘമാണ് ഈ നേട്ടം കൈവരിച്ചത്. ഇവർക്ക് സർവകലാശാല സെനറ്റിന്റെ അഭിനന്ദനങ്ങൾ.*

*വരും നാളുകളിൽ കൂടുതൽ തിളക്കമാർന്ന നേട്ടങ്ങൾ കൈവരിക്കാൻ സർവകലാശാലയ്ക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.*

ശേഷം അജണ്ട പ്രകാരമുള്ള ഇനങ്ങളിലേക്ക് കടക്കുന്നതായി അദ്ധ്യക്ഷൻ അറിയിച്ചു.

# I. ചോദ്യവും ഉത്തരവും:

**ശ്രീ . ടിറ്റു തോമസ്**

**ചോദ്യം:**

1) MGU UGP പ്രകാരം വാല്യൂവേഷൻ ക്യാമ്പിൽ ഒരു ദിവസം വാല്യൂലേഷൻ പൂർത്തിയാക്കേണ്ട പേപ്പറുകളുടെ എണ്ണം കുറയ്ക്കാനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിക്കുമോ?

**ഉത്തരം: ഡോ. ജോജി അലക്സ്**

ഒന്നാം സെമസ്റ്റർ ഹോണേഴ്സ് ബിരുദ പരീക്ഷകളുടെ ഓരോ ദിവസവും മൂല്യനിർണ്ണയം നടത്തേണ്ട ഉത്തരക്കടലാസ്സുകളുടെ എണ്ണം സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശം നൽകിയിരുന്നെങ്കിലും മൂല്യ നിർണ്ണയ സമയത്ത് നേരിട്ട പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ആവശ്യമായ ഇളവ് അനുവദിച്ചിരുന്നു. എങ്കിലും പല കോളേജുകളിൽ നിന്നും ലഭിച്ച പരാതി കണക്കിലെടുത്ത് ഈ കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഒരു ഫയൽ FYUGP Monitoring Commeette മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കമ്മറ്റിയുടെ നിർദ്ദേശ പ്രകാരം ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പ്രൊഫ. നൗഷാദ് പി പി**

**ചോദ്യം:**

2) P M ഉഷ പദ്ധതി പ്രകാരം സർവ്വകലാശാലയ്ക്ക് ലഭിക്കുന്ന തുകയുടെ വിനിയോഗം എങ്ങനെയാണ് ? സർവ്വകലാശാലയിലെ അക്കാദമിക് സ്കൂളുകളുടെ ഭൗതികസൗകര്യ വികസനത്തിന് ഉള്ള വിനിയോഗം ഏതു രീതിയിലാണ് ഉദ്ദേശിക്കുന്നത് ?

**ഉത്തരം: ഡോ. സെനോ ജോസ്**

PM USHA പദ്ധതിയുടെ ഭാഗമായി ₹ 20 കോടി രൂപ സർവ്വകലാശാലക്ക് റൂസ കാര്യാലയം അനുവദിച്ചിട്ടുണ്ട്.ടി തുക സർവ്വകലാശാലക്ക് ആവശ്യമായ കെട്ടിട നിർമാണം, നവീകരണം, വിവരസാങ്കേതിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതാണ് . തുകയുടെ വിശദമായ വിനിയോഗം താഴെ ചേർത്തിട്ടുണ്ട്.

| SL.NO | Activity | Sanctioned Amount (In Lakhs) |
|---|---|---|
| 1 | Phase 1 - Construction of a dedicated building for FYUGP and Integrated programs | 1200 |
| 2 | Upgradation of MGU Muttom campus into a planned campus | 60 |
| 3 | Laboratories, instruments, equipment, computer labs, design labs for FYUGP programmes, Business Process automation and Simulation Lab | 60 |
| 4 | Vocational Courses, Bridge courses, STEM Courses and OL | 80 |

| | | |
|---|---|---|
| 5 | Internationalization of Higher Education | 165 |
| 6 | Establishing a Centre for Indian Knowledge system | 7.5 |
| 7 | Smart Classroom, Theatre, Computer Labs, WiFi Facilities, server and other digital infrastructure | 60 |
| 8 | Online/Offline training facility for teachers | 10 |
| 9 | IPR Activities | 15 |
| 10 | Setting up additional incubators in MGU Campus | 190 |
| 11 | Training, Placement and career guidance cell | 20 |
| 12 | Counselling on Psychological support/ Counselling for career guidance | 10 |
| 13 | Data management for accreditation and ranking | 10 |
| 14 | Vocational courses for additional skill acquisition | 30 |
| 15 | Technology enabled Regional Heritage Museum | 40 |
| 16 | Starting of FYUGP and integrated programmes and supporting the new PG programmes | 42.5 |
| | **GRAND TOTAL** | 2000 |

**ശ്രീ. സുബിൻ വർഗ്ഗീസ്**

**ചോദ്യം:**

3) 2024-25 അധ്യയന വർഷത്തിൽ സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിൽ എത്ര അധ്യാപകർക്ക് പ്രമോഷൻ നൽകി?

**ഉത്തരം: ഡോ. എ എസ് സുമേഷ്**

എം.ജി. സർവ്വകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിൽ 2024-2025 അദ്ധ്യയന വർഷത്തിൽ നാളിതുവരെ 522 അദ്ധ്യാപകർക്ക് സ്ഥാനക്കയറ്റ അംഗീകാരം നൽകിയിട്ടുണ്ട്.

**ഉപചോദ്യം: ഡോ. സജിത്ത് ബാബു എസ്**

പ്രോമേഷൻ ഫയലുകളിൽ എന്തെങ്കിലും ഡിഫെക്ട് കണ്ടെത്തുന്ന ഫയലുകളുണ്ടെങ്കിൽ അത്, അധ്യാപകരെ അല്ലെങ്കിൽ കോളേജിനെ അറിയിക്കുവാനുള്ള സംവിധാനം സർവ്വകലാശാലയിൽ ഉണ്ടോ ?

**ഉത്തരം: ഡോ. എ എസ് സുമേഷ്**

പ്രോമേഷൻ ഫയലിൽ ഡിഫെക്ട് ഉണ്ടെങ്കിൽ അത് കോളേജിന്റെ മെയിലിലേക്കും അധ്യാപകന്റെ മെയിലിലേക്കും അറിയിക്കുവാനുള്ള സംവിധാനം സർവ്വകലാശാലയിൽ ഉണ്ട്.

**ശ്രീ. സുബിൻ വർഗ്ഗീസ്**

**ചോദ്യം:**

4) സർവ്വകലാശാല കാമ്പസിലുള്ള തെരുവ് നായകളുടെ എണ്ണം വർദ്ധിച്ചത് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്ത് നടപടികളാണ് സർവ്വകലാശാല സ്വീകരിച്ചിട്ടുളളത്?

**ഉത്തരം: ഡോ. സെനോ ജോസ്**

സർവകലാശാല ക്യാമ്പസ്സിനുള്ളിലെ തെരുവ് നായ്ക്കളെ പാർപ്പിക്കുന്നതിനായി ഏകദേശം 40 മീ. നീളവും 40 മീ. വീതിയും ഉള്ള ഡോഗ് ഷെൽട്ടർ സ്ഥാപിച്ചിട്ടുണ്ട് .എ ബി സി , വാക്സിനേഷൻ എന്നിവ പൂർത്തീകരിച്ച് നായകളെ ഷെൽറ്ററിൽ പാർപ്പിക്കുക എന്നതാണ് പദ്ധതി . ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം കോട്ടയം മുനിസിപ്പാലിറ്റിയുടെ എ ബി സി സെന്ററിൽ പത്തൊൻപത് നായ്ക്കളുടെ എ ബി സി, വാക്സിനേഷൻ എന്നിവ പൂർത്തീകരിച്ച് തിരികെ ക്യാമ്പസ്സിൽ എത്തിച്ചിട്ടുണ്ട് . ബാക്കിയുള്ളവയുടെയും വന്ധ്യംകരണം , വാക്സിനേഷൻ എന്നിവ താമസം കൂടാതെ പൂർത്തീകരിക്കുന്നതാണ് . ഇത്തരത്തിൽ നായകളുടെ എണ്ണം വർധിച്ചത് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു .

**ഡോ. രഞ്ജിത്ത് മോഹൻ പി**

**ചോദ്യം:**

5) പുതിയ ബോർഡ് ഓഫ് സ്റ്റഡീസുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ എവിടെ വരെയായെന്ന് വ്യക്തമാക്കാമോ?

**ഉത്തരം:	ഡോ. സുജ ടി വി**

സർവകലാശാല ആക്റ്റ് 1985 വകുപ്പ് 28 (1A) ഉപവകുപ്പുകൾ (a) (b) & (c) പ്രകാരം രൂപീകരിക്കേണ്ട ബോർഡ്സ് ഓഫ് സ്റ്റഡീസ് (UG, PG, UG & PG Combined) കളുടെ പുനഃസംഘടനയുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുവരുന്നു.

**ഡോ. ഷിജോ കെ ചെറിയാൻ**

**ചോദ്യം:**

6) നാലുവർഷ ബിരുദ കോഴ്സുകളുടെ രണ്ടാം സെമസ്റ്റർ പാഠപുസ്തക വിതരണത്തിൽ മുൻ സെമസ്റ്ററിലേതിന് സമാനമായ വലിയ കാലതാമസം നേരിടുന്നതായി വിദ്യാർത്ഥികളും അധ്യാപകരും പരാതിപ്പെട്ടിട്ടുണ്ട്. അധ്യാപനത്തെയും പഠനത്തെയും പ്രതികൂലമായി ബാധിക്കുന്ന ഈ വിഷയം പരിഹരിക്കാൻ സർവ്വകലാശാല എന്ത് നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്? ഭാവിയിൽ ഇത്തരം കാലതാമസങ്ങൾ ഒഴിവാക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് സർവ്വകലാശാല സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

**ഉത്തരം: ഡോ. സുജ ടി വി**

സഹപ്രസാധകരുമായി ഒപ്പുവെയ്ക്കേണ്ട പങ്കാളിത്തപത്രികയിൽ ചില വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നത് സംബന്ധിച്ച് നിയമോപദേശം തേടേണ്ടി വന്നതിനാലും അദ്ധ്യാപകർ നൽകിയ മെറ്റീരിയൽ എഡിറ്റ് ചെയ്യുന്നതിൽ കാലതാമസം ഉണ്ടായതിനാലും പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ താല്പര്യം അറിയിച്ചതിനു ശേഷം ചില സഹപ്രസാധകർ പിന്മാറിയതിനാലും പകർപ്പവകാശം സംബന്ധിച്ച് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കേണ്ടി വന്നതിനാലുമാണ് രണ്ടാം സെമസ്റ്റർ ഭാഷാ വിഷയങ്ങളുടെ പാഠപുസ്തകങ്ങൾ പ്രിന്റ് ചെയ്യുന്നതിൽ കാലതാമസം നേരിട്ടത് . മൂന്നാം സെമസ്റ്റർ ക്ലാസുകൾ ആരംഭിക്കുന്നതിന് മുമ്പ് തന്നെ മൂന്നാം സെമസ്റ്ററിലെ ഭാഷാ വിഷയങ്ങളുടെ പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു എന്നും പാഠപുസ്തക പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഡിപ്പാർട്ടമെന്റ് ഓഫ് പ്രിന്റിങ് ആൻഡ് പബ്ലിഷിംഗ് –ൽ നിന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

**ശ്രീ ജോസഫ് ഡെറിൽ കെ എസ്**

**ചോദ്യം:**

7) സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിരിക്കുന്ന കോളേജുകളിലെ അധ്യാപകർക്ക് പ്രമോഷൻ വഴി പ്രൊഫസർ ആകുന്നതിന് സർവ്വകലാശാല നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ

എന്തെല്ലാമാണ്? വ്യക്തമാക്കുക. UGC regulation അനുസരിച്ച് A minimum of 10 publications in peer-reviewed or UGC listed journals with at least three publications during the assessment period എന്നാണ് പറഞ്ഞിരിക്കുന്നത്, ഇതിൽ എന്തെങ്കിലും വ്യത്യാസം വരുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

**ഉത്തരം: ഡോ. എ എസ് സുമേഷ്**

യു ജി സി റെഗുലേഷൻ 2018 പ്രകാരം, സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിരിക്കുന്ന കോളേജുകളിലെ അദ്ധ്യാപകർക്ക് പ്രൊഫസർ സ്ഥാനക്കയറ്റം നൽകുന്നതിന് സർവകലാശാല നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

**Associate Professor (Academic Level 13A) to Professor (Academic Level 14)**

Eligibility:

1. Associate Professors who have completed three years of service in Academic Level 13 A
2. A Ph.D. degree in subject relevant/allied/relevant discipline.
3. A minimum of 10 research publications in peer-reviewed or UGC-listed journals out of which three research papers shall be published during the assessment period.
4. A minimum of 110 Research Score as per Appendix II,Table 2

CAS Promotion Criteria: A teacher shall be promoted if;

i) The teacher gets 'satisfactory' or 'good' grade in the annual performance assessment reports of at least two of the last three years of the assessment period, as per Appendix II, Table 1 and at least 110 research score as per Appendix II, Table 2.

ii) The promotion to the post of Professor is recommended by selection committee constituted in accordance with these Regulations.

മേൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടില്ല.

**ശ്രീ. സിബിൻ എൽദോസ്**

**ചോദ്യം:**

8) കഴിഞ്ഞ അഞ്ച് വർഷം പുതിയ ഹോസ്റ്റൽ നിർമ്മിക്കുവാൻ എന്തൊക്കെ നടപടികൾ അധികാരികളുടെ ഭാഗത്തുന്ന് സ്വീകരിച്ചു. ?

**ഉത്തരം: ശ്രീ. രതീഷ് പി ബി**

1) G.O.(Rt)No.1372/2022/HEDN Dated 14.09.2022 പ്രകാരം സർവകലാശാലയിൽ ഡൊമസ്റ്റിക് & ഇന്റർനാഷണൽ ഹോസ്റ്റലുകളുടെ നിർമ്മാണത്തിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 30 കോടിയുടെ ഭരണാനുമതി നൽകുകയും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി SPV ( Special Purpose Vehicle ) ആയി സർവ്വകലാശാലയെ ചുമതലപ്പെടുത്തുകയും ചെയ്തു . പ്രസ്തുത പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതിയുടെ DPR ( Detailed Project Report ) തയ്യാറാക്കുന്നതിനായി സർവകലാശാല M/s KITCO Ltd. നെ ചുമതലപ്പെടുത്തിയിരുന്നു. 13.02.2025 ൽ M/s KITCO Ltd. DPR തയ്യാറാക്കി സമർപ്പിക്കുകയും ആയത് 14.02.2025 കിഫ്ബി അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു .പ്രസ്തുത DPR ന് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണം സുഗമമായി നടപ്പിലാക്കുന്നതിനും , 2026 മാർച്ച് മാസത്തോട് കൂടി നിർമ്മാണം പൂർത്തീകരിക്കുന്നതിനുമായി M/s HITES നെ സെൻട്രൽ എസ് പി വി ആയി ചുമതലപ്പെടുത്തി G.O.(Rt) No.254/2025/HEDN Dated 25.02.2025 പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഉത്തരവായിട്ടുണ്ട്.

സർവകലാശാല ഉത്തരവ് നമ്പർ :6077/P&D1/2024/MGU Dated 06.07.2024 പ്രകാരം ക്യാമ്പസ്സിൽ ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കായി ഒരു ഹോസ്റ്റൽ നിർമിക്കുന്നതിനായി ₹13,26,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച ഉത്തരവായിട്ടുണ്ട് .ആയതിന്റെ നിർമാണം പുരോഗമിച്ചുവരികയാണ്.

**ഡോ. സിറിയക് ജോസ്**

**ചോദ്യം:**

9) എം.ജി. യൂണിവേഴ്സിറ്റിയുടെ നിലവിലുള്ള യുജി പിജി ബോർഡ് ഓഫ് സ്റ്റഡീസുകളുടെ കാലാവധി അവസാനിക്കുന്നത് എന്നാണെന്നും ഈ ബോർഡ് ഓഫ് സ്റ്റഡീസുകൾ പുനഃസംഘടിപ്പിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുക. പുതിയ ആളുകളെ തിരഞ്ഞെടുക്കുമ്പോൾ സീനിയോറിറ്റി, അക്കാഡമിക് മികവ് തുടങ്ങിയവ പരിഗണിക്കുനാൻ എന്ത് മാനദണ്ഡമാണ് യൂണിവേഴ്സിറ്റി സ്വീകരിക്കുന്നത് ?

**ഉത്തരം: ഡോ. സുജ ടി വി**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ നിലവിലുള്ള UG, ബോർഡ് ഓഫ് സ്റ്റഡീസുകളുടെ കാലാവധി 07.06.2024 നും, PG ബോർഡ് ഓഫ് സ്റ്റഡീസുകളുടെ കാലാവധി 28.04.2024 തീയതിയിലും അവസാനിച്ചിട്ടുള്ളതാണ്. ബഹു.ചാൻസലർ, സർവ്വകലാശാലാ ആക്ട് 1985 വകുപ്പ് 28 (1A) ഉപവകുപ്പുകൾ (a) (b) (c)പ്രകാരവും, സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട് 1997 ലെ അദ്ധ്യായം 12 സ്റ്റാറ്റ്യൂട്ട് 4ഉം 5ഉം വ്യവസ്ഥകൾക്കനുസൃതമായിട്ടുമാണ് ബോർഡ് ഓഫ് സ്റ്റഡീസിലേക്ക് പുതിയ ആൾക്കാരെ നാമനിർദ്ദേശം ചെയ്യുന്നത്.

**ഉപചോദ്യം: ഡോ. സജിത്ത് ബാബു എസ്**

07.06.2024 –ൽ UG ബോർഡ് ഓഫ് സ്റ്റഡീസും 28.04.2024 –ൽ PG ബോർഡ് ഓഫ് സ്റ്റഡീസും കാലാവധി അവസാനിച്ചു. ഈ കാലയളവിൽ ബോഡി റീ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നതിനായി സർവ്വകലാശാല എന്തെല്ലാം നടപടിയെടുത്തു ?

**ഉത്തരം: ഡോ. സുജ ടി വി**

ബോർഡ് ഓഫ് സ്റ്റഡീസ് റീ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നതിനായുള്ള നടപടികൾ പൂർത്തിയായി വരുന്നു.

**പ്രൊഫ. നൗഷാദ് പി പി**

**ചോദ്യം:**

10) Integrated Teacher Education Programme കാമ്പസിൽ ആരംഭിക്കുന്നതിന് സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ടോ ? അതിനുള്ള അപേക്ഷ നൽകിയിട്ടുണ്ടോ ?

**ഉത്തരം: ശ്രീ. അരുൺ കെ ശശീന്ദ്രൻ**

മഹാത്മാ ഗാന്ധി സർവകലാശാലയിലെ പഠന വകുപ്പായ സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസ്, ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാം ആരംഭിക്കുന്നതിനുള്ള അപേക്ഷ, എൻ. സി. ടി .ഇ യുടെ ഓൺലൈൻ പോർട്ടലിലൂടെ സമർപ്പിച്ചിട്ടുണ്ട് . പ്രസ്തുത അപേക്ഷ, 22-10-2021 ലെ റെഗുലേഷൻ അനുസരിച്ച് മൾട്ടി ഡിസിപ്ലിനറി കോഴ്സ് നടത്തുന്നില്ല എന്ന കാരണം ചൂണ്ടിക്കാട്ടി എൻ. സി. ടി .ഇ നിരസിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് 24-10-2024 –ൽ എൻ.സി.ടി.ഇ – ക്ക് മറുപടി കത്ത് അയച്ചിരുന്നു. എന്നാൽ കത്തിലെ വസ്തുതകൾ മനസിലാക്കാതെ വീണ്ടും അപേക്ഷ

നിരസിക്കുകയാണുണ്ടായത്. അപേക്ഷ വീണ്ടും പരിഗണിക്കുന്നതിലേക്കായി 28-01-2025 ന എൻ.സി.ടി.ഇ. മുൻപാകെ ഒരു അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. ആയതു എൻ.സി.ടി.ഇ യുടെ പരിഗണനയിലാണ്.

**ശ്രീ. സിബിൻ എൽദോസ്**

**ചോദ്യം:**

11) സർവ്വകലാശാലയിയെ ശുചീകരണ തൊഴിലാളികളുടെ വേതനം എത്ര മാസങ്ങളായി മുടങ്ങികിടക്കുന്നു. ? കുടിശ്ശിക ഉണ്ടായതിന്റെ കാരണം വ്യക്തമാക്കുക.

**ഉത്തരം: ശ്രീ. ഹരികൃഷ്ണൻ പി**

സർവകലാശാലയിലെ ശുചീകരണ തൊഴിലാളികളുടെ 2025 ഫെബ്രുവരി മാസം വരെയുള്ള വേതനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2024 ഏപ്രിൽ, മെയ് മാസങ്ങളിലെ പകരം തൊഴിലാളികൾക്കുള്ള (അവധിയിലായിരുന്ന തൊഴിലാളികൾക്ക് പകരമായി നിയോഗിക്കപ്പെട്ടവർ) വേതനം ടി കാലയളവിൽ വിതരണം ചെയ്യുവാൻ സാധിച്ചിരുന്നില്ല. ആയതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

**ശ്രീ. സുരേഷ് എം എസ്**

**ചോദ്യം:**

12) അഫിലിയേറ്റഡ് കോളേജുകളിൽ DASP -ന്റെ സർട്ടഫിക്കറ്റ്/ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ എത് ഘട്ടത്തിലായി എന്നുള്ളത് വിശദമാക്കുക ?

**ഉത്തരം: ഡോ. ബിബിൻ കുര്യാക്കോസ്**

DASP ന്റെ അക്കാദമിക് പാർട്ണർ/സ്കിൽ പാർട്ണർ ആയി പ്രമുഖ റിസേർച് /ട്രെയിനിങ് സ്ഥാപനങ്ങൾ, കോളേജുകൾ, നോൺ -ഗവണ്മെന്റ് ഓർഗനൈസേഷൻ എന്നിവയെ നിയോഗിക്കുന്നത് സംബന്ധിച്ച വിഷയം വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 17.08.2024 ലെ സർവ്വകലാശാല ഉത്തരവ് നം.7549/DASTP/2024/എം ജി യു പ്രകാരവും,അക്കാദമിക്/ സ്കിൽ പാർട്ണർ എന്ന നിലയിൽ കോളേജുകളുമായി സഹകരിക്കുന്നതുമായി ബന്ധപ്പെട്ട് 17.08.2024 ലെ സർവ്വകലാശാല ഉത്തരവ് നം.7564

/DASTP/2024/എം ജി യു പ്രകാരവും DASP ന്റെ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ആയതു പ്രകാരം ഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കുകയും, 31.12.2024 തീയതി കൂടിയ സിൻഡിക്കേറ്റ് തീരുമാനപ്രകാരം DASP ഡയറക്ടറുടെ വിശദമായ റിപ്പോർട്ട് അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഉത്തരവായിട്ടുണ്ട് (സർവകലാശാല ഉത്തരവ് നമ്പർ.999/DASTP/2025/എം ജി യു, തീയതി 29.01.2025). പ്രസ്തുത ഉത്തരവ് പ്രകാരം DASP ന്റെ അക്കാദമിക്/ സ്കിൽ പാർട്ണർ എന്ന നിലയിൽ പ്രവർത്തിച്ച് പ്രോഗ്രാമുകൾ ആരംഭിക്കാൻ താല്പര്യമുള്ള അഫിലിയേറ്റഡ്/ഓട്ടോണോമസ് കോളേജുകളെ കണ്ടെത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കാനും തിരഞ്ഞെടുക്കപ്പെടുന്ന കോളേജുകളുമായി സഹകരിച്ച് 2025-2026 അധ്യയന വർഷം മുതൽ പ്രോഗ്രാമുകൾ നടത്തുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു.

**ഡോ. ഷിജോ കെ ചെറിയാൻ**

**ചോദ്യം:**

13) യു.ജി.പി. (ഓണേഴ്സ്) പ്രോഗ്രാമിന്റെ ഭാഗമായി എൻപിടിഇഎൽ, സ്വയം തുടങ്ങിയ പ്ലാറ്റ്ഫോമുകളിൽ പൂർത്തിയാക്കിയ ഓൺലൈൻ കോഴ്സുകളുടെ ക്രെഡിറ്റുകൾ അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ്സിൽ (എബിസി) ഇതുവരെയും സംയോജിപ്പിച്ചിട്ടില്ല. ഇത് വിദ്യാർത്ഥികളിലും അധ്യാപകരിലും ആശങ്കയ്ക്ക് കാരണമായിട്ടുണ്ട്. ഈ ക്രെഡിറ്റുകൾ പ്രോഗ്രാം-നിർദ്ദിഷ്ട കോഴ്സ് വിഭാഗങ്ങളിലേക്ക്, ഉദാഹരണത്തിന്, മേജർ, മൈനർ, MDC തുടങ്ങിയവയിലേക്ക് എങ്ങനെ മാപ്പ് ചെയ്യാമെന്നതിനെക്കുറിച്ചുള്ള വ്യക്തമായ മാനദണ്ഡങ്ങൾ യൂണിവേഴ്സിറ്റി പ്രസിദ്ധീകരിച്ചിട്ടുണ്ടോ?

**ഉത്തരം: ഡോ. എ എസ് സുമേഷ്**

വിഷയം ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ മേൽനോട്ട ചുമതല വഹിക്കുന്ന സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതും സമിതിയുടെ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് വിഷയത്തിൽ വ്യക്തത വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതും എല്ലാ അഫിലിയേറ്റഡ് കോളേജുകളിലേയ്ക്കും അറിയിപ്പ് നൽകുന്നതുമാണ്.

**ശ്രീ. മുഹമ്മദ് സഫാൻ**

**ചോദ്യം:**

14) 2010-11 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെ DSS കൈകാര്യം ചെയ്യുന്ന സർവ്വകലാശാല യൂണിയൻ ബാങ്ക് അക്കൗണ്ടിൽ നിന്നും എത്ര തുക ഫിനാൻസ് ഓഫീസർ പിൻവലിച്ചിട്ടുണ്ട് ? എന്ത് ആവശ്യങ്ങൾക്കാണ് പിൻവലിച്ചത് ? ഈ തുക തിരികെ നിക്ഷേപിച്ചിട്ടുണ്ടോ ?

**ഉത്തരം: ശ്രീ. ഹരികൃഷ്ണൻ പി**

ഡി എസ് എസ് കൈകാര്യം ചെയ്യുന്ന സർവ്വകലാശാല യൂണിയൻ ബാങ്ക് അക്കൗണ്ടിൽ നിന്നും ഫിനാൻസ് ഓഫീസർ തുകകളൊന്നും പിൻവലിച്ചിട്ടില്ല.

**ഉപചോദ്യം: ശ്രീ. മുഹമ്മദ് സഫാൻ**

നിലവിൽ എടുത്തിട്ടുള്ള തുക തിരികെ നിക്ഷേപിക്കുമോ ?വിദ്യാർത്ഥി യൂണിയന്റെയും SWF അടക്കമുള്ള തുക, വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ ?

പരാമർശിച്ചിട്ടുള്ള ചോദ്യങ്ങൾ പരിശോധിക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട അദ്ധ്യക്ഷൻ മറുപടി കൊടുത്തിട്ടുള്ളതാകുന്നു.

**ശ്രീ. ഉണ്ണി. എം എസ്**

**ചോദ്യം:**

15) സർവ്വകലാശാല കായിക മത്സരങ്ങൾക്കായി വിദ്യാർത്ഥികളെ തയ്യാറാക്കുന്നതിനും, പങ്കെടുപ്പിക്കുന്നതിനുമായി 2023-24, 2024-2025 അക്കാദമിക വർഷങ്ങളിൽ എം.ജി സർവ്വകലാശാല ചിലവഴിച്ച ആകെ തുക എത്ര ? ഓരോ മത്സര ഇനങ്ങൾക്കായി ചിലവഴിച്ച തുക എത്ര ? പ്രസ്തുത മത്സരയിനങ്ങളിൽ അന്തർ സർവ്വകലാശാല മത്സരങ്ങളിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

**ഉത്തരം: ഡോ. ബിജു തോമസ്**

സർവകലാശാല കായിക മത്സരങ്ങൾക്കായി വിദ്യാർത്ഥികളെ തയ്യാറാക്കുന്നതിനും പങ്കെടുപ്പിക്കുന്നതിനുമായി എം.ജി സർവകലാശാല 2023-24, 2024-25 വർഷങ്ങളിൽ ചിലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2023-24: Rs. 1,35,20,204/-

2024-25 വർഷത്തിലെ അന്തർ സർവകലാശാലാ മത്സരങ്ങൾ മെയ് മാസത്തോടു കൂടി മാത്രമേ പൂർത്തിയാകുകയുള്ളൂ. ഇത് വരെ ചിലവാക്കിയ 90,09,960/- രൂപയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 2023-24, 2024-25 വർഷങ്ങളിൽ ഓരോ മത്സര ഇനങ്ങൾക്കായി ചിലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു - **അനുബന്ധം 1**

**ഡോ. സനിൽകുമാർ എം ജി**

**ചോദ്യം:**

16) 15/02/2025 –ൽ ഇറങ്ങിയ സർവ്വകലാശാല ഉത്തരവ് പ്രകാരം വിദ്യാർഥികളുടെ Inter-College മാറ്റത്തിനുള്ള മാർഗനിർദ്ദേശങ്ങൾ വിശദീകരിച്ചിട്ടുണ്ട്. എന്നാൽ MGU UGP രണ്ടാം സെമസ്റ്ററിന് ശേഷം programme, കോളേജ്, സർവ്വകലാശാല തലത്തിൽ ഉള്ള വിദ്യാർത്ഥികളുടെ മാറ്റത്തിന് (Switching) എന്തെല്ലാം നടപടികൾ സർവ്വകലാശാല സ്വീകരിച്ചിട്ടുണ്ട് ?

**ഉത്തരം: ഡോ. അജിമോൻ ജോർജ്**

The MGU-UGP (Honours) Regulations,2024, അനുച്ഛേദം 4 xxx –ൽ വിദ്യാർത്ഥികൾക്ക് രണ്ടാം സെമസ്റ്ററിന്റെ അവസാനം foundation level കോഴ്സുകളിൽ പഠനം നടത്തിയ മൈനർ കോഴ്സിലേയ്ക്കോ കൂടാതെ അതേ ലെവലിൽ പഠനം നടത്തിയ MDC –യിലേയ്ക്കോ Major മാറ്റം അനുവദിച്ചുകൊണ്ട് വ്യവസ്ഥ നൽകിയിരിക്കുന്നു. കൂടാതെ അനുച്ഛേദം 5 v –ൽ പ്രസ്തുത മാറ്റം സംബന്ധിച്ച് കൂടുതൽ വിശദീകരണവും നൽകിയിരിക്കുന്നു. എന്നാൽ ഈ വിഷയത്തിൽ കൂടുതൽ നിർദ്ദേശങ്ങൾ നിലവിൽ സർവ്വകലാശാല പുറപ്പെടുവിച്ചിട്ടില്ല. പ്രസ്തുത വിഷയം ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ മേൽനോട്ട ചുമതല വഹിക്കുന്ന സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട്, സമിതിയുടെ നിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ശ്രീ. തോമസ് ആന്റണി**

**ചോദ്യം:**

17) FYUGP പരീക്ഷകളുടെ മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട്, കോഴ്സ് മാപ്പിംഗ് മൂല്യനിർണ്ണയം തുടങ്ങിയവ സൗകര്യപ്രദമാക്കാൻ ആധുനിക വിവരസാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഏതെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

**ഉത്തരം: ഡോ. ജോജി അലക്സ്**

FYUGP പരീക്ഷകളുടെ മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് കോഴ്സ് മാപ്പിംഗ്, മാർക്ക് എൻട്രി എന്നിവക്കായി പോർട്ടൽ സജ്ജീകരിച്ചിട്ടുണ്ട് . മൂല്യനിർണ്ണയം നടത്തുന്നതിൽ ആധുനിക വിവരസാങ്കേതിക വിദ്യകൾ പൂർണമായും ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ശ്രീ. എ.ജെ തോമസ്**

**ചോദ്യം:**

18) നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ പരീക്ഷാ ജോലികളുമായി ബന്ധപ്പെട്ട് കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാർക്ക് ഉണ്ടായിട്ടുള്ള അധിക ജോലിഭാരം കണക്കാക്കി ജീവനക്കാർക്ക് ലഭിക്കുന്ന പരീക്ഷാ വേതനം പരിഷ്കരിക്കുവാൻ നടപടികൾ കൈക്കൊള്ളുമോ ?

**ഉത്തരം: ശ്രീ. ഹരികൃഷ്ണൻ പി**

നയപരമായ തീരുമാനം ആവശ്യമായതിനാൽ നിലവിൽ ഈ വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയിൽ ആണ്.

**ഡോ. സനിൽകുമാർ എം ജി**

**ചോദ്യം:**

19) MGU UGP രണ്ടാം സെമസ്റ്റർ പരീക്ഷാ മൂല്യനിർണ്ണയം ലളിതമാക്കാൻ എന്തെല്ലാം നടപടികൾ ആണ് കൈക്കൊണ്ടിട്ടുള്ളത് ? വിശദീകരിക്കാമോ ?

**ഉത്തരം: ഡോ ബിബിൻ കുര്യാക്കോസ്**

രണ്ടാം സെമസ്റ്റർ മുതലുള്ള ഹോണേഴ്സ് ബിരുദ പരീക്ഷകളുടെ സിലബസിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തുവാനുള്ള നടപടികൾ എക്സ്പേർട്ട് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് രണ്ടാം സെമസ്റ്റർ പരീക്ഷകൾ ക്രമീകരിക്കുന്നത്. മാർക്കുകൾ ഓൺലൈനായി രേഖപ്പെടുത്തുന്നതിനുള്ള സംവിധാനവും, ഓൺലൈൻ ആയി മൂല്യനിർണയം നടത്തുന്നതിനുള്ള ക്രമീകരണവും സജ്ജമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**ശ്രീ. ഉണ്ണി. എം എസ്**

**ചോദ്യം:**

20) സംസ്ഥാന സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ " Center of Excellence" അംഗീകാരം നേടിയ മഹാത്മാഗാന്ധി സർവ്വകലാശാല ആയത് ഏതെല്ലാം മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്കായാണ് വിനിയോഗിക്കുന്നത് എന്ന് വിശദമാക്കാമോ ?

**ഉത്തരം: ഡോ. സെനോ ജോസ്**

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ടെക്നോളജി ആൻഡ് ഇന്നോവേഷൻ (KISTI) എന്ന ഉന്നത വിദ്യാഭ്യാസ വകുപ്പിൻ്റെ അംഗീകാരം നേടിയ മഹാത്മാ ഗാന്ധി സർവകലാശാലയിലെ Center

of Excellence, നൂതന മൾട്ടി ഒരിക്സ് സാങ്കേതികവിദ്യകളും (ജീനോമിക്സ്, പ്രോട്ടിയോമിക്സ്, മെറ്റബോളമിക്സ്) ബയോഇൻഫോർമാറ്റിക്സസും ഉപയോഗിച്ച് സമൂഹത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുക എന്നതാണ് ഈ കേന്ദ്രത്തിന്റെ ലക്ഷ്യം. പൊതുജനാരോഗ്യ മേഖല, മൃഗസംരക്ഷണ വിഷയങ്ങളിലാണ് നിലവിൽ കേന്ദ്രം പ്രാഥമിക പരിഗണന നൽകുന്നത്.

**ഡോ. ലിബൂസ് ജേക്കബ് ഏബ്രഹാം**

**ചോദ്യം:**

21) സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംരംഭകരായ കുട്ടികൾക്ക് ഗ്രേസ് മാർക്ക്/ഹാജർ നൽകുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ്(G.O.(Ms.)No:499/2012H.Ed.Dated:11.10.2012) നടപ്പിൽ വരുത്തുന്നതിനു വേണ്ടി സർവ്വകലാശാല കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്നു വിശദമാക്കാമോ?

**ഉത്തരം: ശ്രീ. അമൽ എബ്രഹാം**

സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംരഭകരായ കുട്ടികൾക്ക് ഗ്രേസ് മാർക്ക്/ഹാജർ നൽകുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് (G.O.(Ms.)No:499/2012 H.Ed Dated:11.10.2012) സർവ്വകലാശാലയിൽ ഉത്തരവ് നമ്പർ 3759/01/Ac AVIII/2014, തീയതി: 18.07.2014 പ്രകാരം സ്വീകരിച്ച് നടപ്പിലാക്കിയതായി കാണുന്നു.

**ഡോ. ഷിബു എം ജോർജ്**

**ചോദ്യം:**

22) സർവ്വകലാശാല 2022-23 കാലയളവിൽ ജനറൽ ബിപിൻ റാവത്തിന്റെ പേരിൽ ഏർപ്പെടുത്തിയ എൻ സി സി അവാർഡുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ നിലവിൽ ഏത് ഘട്ടത്തിൽ ആണ്?

**ഉത്തരം: ശ്രീ. രതീഷ് പി ബി**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ നിന്നും അതാത് വർഷത്തെ പ്രവർത്തന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന മികച്ച എൻ.സി.സി യൂണിറ്റിന് ഏർപ്പെടുത്തിയിട്ടുള്ള അവാർഡാണ് "Gen. Bibin Rawat Award for best NCC Unit". 15.12.2023 - തീയതിയിലെ മഹാത്മാഗാന്ധി സർവ്വകലാശാല ഉത്തരവ് നമ്പർ:12575/P&D 1/2023/MGU പ്രകാരം Gen. Bipin Rawat Award for the best NCC Unit ലഭിച്ചിട്ടുള്ളത് തിരുവല്ല, മാർത്തോമാ കോളേജിലേ NCC യൂണിറ്റിനാണ്. .

ഈ മാസം 25 –ന് (25/03/2025) അവാർഡ്ദാന ചടങ്ങ് സംഘടിപ്പിക്കുവാൻ ഒരുക്കങ്ങൾ പൂർത്തിയായിട്ടുണ്ട്.

**ഉപചോദ്യം: ഷിബു എം ജോർജ്**

അവാർഡുമായി ബന്ധപ്പെട്ട നടപടികൾ ഓൺലൈൻ ആക്കുമോ?

ഭാവിയിൽ ഇതുമായി ബന്ധപ്പെട്ട നടപടികൾ ഓൺലൈൻ ആക്കുമെന്ന് അദ്ധ്യക്ഷൻ മറുപടി കൊടുക്കുകയുണ്ടായി.

**വൈഷ്ണവി ഷാജി**

**ചോദ്യം:**

23) സർവ്വകലാശാല ഗവേഷകർക്ക് ദീർഘമായ 23 മാസങ്ങളായി ഫെലോഷിപ്പ് കിട്ടാത്ത അവസ്ഥ നിലനിൽക്കുന്നു. മറ്റു സർവ്വകലാശാലകളിൽ കൃത്യമായി അല്ലെങ്കിൽ കൂടി ചെറിയൊരു സമയപരിധിക്കുള്ളിൽ (3 മാസം to 4 മാസം) ഫെലോഷിപ്പ് ഗവേഷകർക്ക് ലഭിച്ചിട്ടും നമ്മുടെ സർവ്വകലാശാലയിൽ ഇത്രയും നാളായി മുടങ്ങികിടക്കുന്ന അവസ്ഥ എന്ത് കൊണ്ട് നിലനിൽക്കുന്നു. ?

**ഉത്തരം: അഡ്വ. റെജി സക്കറിയ**

വൈസ് ചാൻസലർ രൂപീകരിക്കുന്ന സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിൽ സിൻഡിക്കേറ്റ് ആണ് ഗവേഷക വിദ്യാർത്ഥികൾക്ക് ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് അനുവദിക്കേണ്ടതെന്ന് മഹാത്മാഗാന്ധി സർവകലാശാലാ സ്റ്റാറ്റ്യൂട്ട് സ്റ്റാറ്റ്യൂട്ട് 1997, അധ്യായം 33, ക്ലോസ് 3 പ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നു. സർവകലാശാലയിൽ ഗവേഷണത്തിന് ചേരുന്ന വിദ്യാർത്ഥികളിൽ നിന്നും ഫെല്ലോഷിപ്പ് അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ച്, അപേക്ഷകളിൽ സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള മേൽ നടപടികൾ പൂർത്തിയാക്കി ഫെല്ലോഷിപ്പ് അനുവദിച്ചുകൊണ്ടുള്ള സർവകലാശാല ഉത്തരവ് പുറപ്പെടുവിക്കുന്നതാണ് നിലവിലെ നടപടിക്രമം.

25.07.2024 തീയതിയിലെ 16051/ACA6-2/2024/AC A6 നമ്പർ വിജ്ഞാപനം പ്രകാരം സർവകലാശാല ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് അപേക്ഷകൾ ക്ഷണിച്ചിരുന്നു. ലഭിച്ച അപേക്ഷകളിൻമേൽ ഫെല്ലോഷിപ്പ് നല്കുവാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

**ഡോ. ഷിബു എം ജോർജ്**

**ചോദ്യം:**

24) സർവ്വകലാശാലയിൽ നിലവിൽ ഓണലൈൻ മാർഗം വഴി നടത്തുന്ന കോഴ്സുകൾ ഏതൊക്കെ. 2025-26 അക്കാദമിക വർഷം ഏതെങ്കിലും പുതിയ കോഴ്സുകൾ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ? നൽകുന്നുണ്ടെങ്കിൽ, ഏതെല്ലാം കോഴ്സുകൾ?

**ഉത്തരം: ശ്രീ. രതീഷ് പി ബി**

സെന്റർ ഫോർ ഓൺലൈൻ എഡ്യൂക്കേഷനിൽ UGC യിൽ നിന്നും അംഗീകാരം ലഭിച്ച മൂന്ന് UG പ്രോഗ്രാമുകളിൽ ബികോം ഓണേഴ്സ് പ്രോഗ്രാമും 10 PG പ്രോഗ്രാമുകളിൽ എം ബി എ, എം കോം, എം എ ഇംഗ്ലീഷ് എന്നീ മൂന്ന് PG പ്രോഗ്രാമുകളും ആരംഭിച്ചിട്ടുണ്ട്. ജൂലൈ 2025 സെഷനിൽ എം എ എക്കണോമിക്സ് പ്രോഗ്രാമും, ബി എ പൊളിറ്റിക്കൽ സയൻസ് (ഓണേഴ്സ്), ബിബിഎ (ഓണേഴ്സ്) എന്നീ UG പ്രോഗ്രാമുകളും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ ഈ അധ്യയനവർഷം ഫ്രഞ്ച്, ജർമൻ , തമിഴ് ഭാഷാവിഷയങ്ങളിൽ എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സുകൾ (AEC) ആരംഭിച്ചിട്ടുണ്ട്. അടുത്ത അധ്യയന വർഷം മുതൽ MGU UGP വിദ്യാർത്ഥികൾക്കായി കൂടുതൽ വിഷയങ്ങളിൽ ഓൺലൈൻ കോഴ്സുകൾ നൽകാനും ഉദ്ദേശിക്കുന്നുണ്ട് . DASP നിലവിൽ ഓൺലൈൻ കോഴ്സുകൾ നടത്തുന്നില്ല. എന്നാൽ 2025-2026 വർഷത്തിൽ സർട്ടിഫിക്കറ്റ്/ഡിപ്ലോമ പ്രോഗ്രാമുകളും FYUGP കോഴ്സുകളും ഹൈബ്രിഡ്/ ഓൺലൈനായി നടത്താൻ അനുമതി ലഭിച്ചിട്ടുണ്ട്. ഇപ്രകാരം താഴെ പറയുന്ന കോഴ്സുകൾ online/Hybrid രീതിയിൽ 2025 ഏപ്രിൽ മുതലുള്ള മാസങ്ങളിൽ വിജ്ഞാപനം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

1.Certificate German(A1 level) (hybrid)

2.Certificate/ Diploma in Culinary Arts ( offline)

3.Certificate in Digital Marketing ( online)

4.Certificate in Internet Programming & Web Technologies (online)

5. Post Graduate Certificate in Plant Tissue Culture Technology ( hybrid)

6. Post Graduate Certificate in Nanoscience and Nano Technology (hybrid)

7 .Certificate in Disaster Management (online)

8 .Certificate in Business Data Analysis using Tally ERP and MS Excel ( online)

9. Online Courses for FYUGP students

**ശ്രീമതി. മായ എൻ**

**ചോദ്യം:**

25) സർവ്വകലാശാലയുടെ Intercollegiate കായിക മത്സരങ്ങളുടെ നടത്തിപ്പിനായി അനുവദിക്കുന്ന തുകയിൽ കാലോചിതമായി വരുത്തിയ വർദ്ധനവ് വിശദമാക്കാമോ ?

**ഉത്തരം: ശ്രീ. ഹരികൃഷ്ണൻ പി**

സർവ്വകലാശാലയുടെ Intercollegiate കായിക മത്സരങ്ങളുടെ നടത്തിപ്പിനായി അനുവദിക്കുന്ന തുകയിൽ കാലോചിതമായ വർദ്ധനവ് വരുത്തിയതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവ് ചുവടെ ചേർക്കുന്നു – **അനുബന്ധം 2.**

(i)5368/എ5/2/2016 ഭരണം തീയതി 30/08/2017

(ii) 11212/AD A5/2024/MGU തീയതി 11/12/2024

**ശ്രീ ജോസഫ് ഡെറിൽ കെ എസ്**

**ചോദ്യം:**

26) നാലുവർഷ ബിരുദ പ്രോഗ്രാമുകളിൽ എ.ഐ.സി.ടി.ഇ പ്രോഗ്രാമുകളായ ബിസിഎ, ബിബിഎ പ്രോഗ്രാമുകളുടെ രണ്ട് സെമസ്റ്ററുകളുടെ സിലബസ് മാത്രമാണ് ഇതുവരെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇത് മറ്റ പ്രോഗ്രാമുകളുടെതുപോലെ എല്ലാ (ആറ്) സെമസ്റ്ററുകളുടെയും പ്രസിദ്ധീകരിക്കുവാൻ വേണ്ടി സർവ്വകലാശാല എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടങ്കിൽ അത് വ്യക്തമാക്കുക.

**ഉത്തരം: ഡോ. സുജ ടി വി**

മൂന്ന് മുതൽ ബാക്കി സെമസ്റ്ററുകളുടെ സിലബസ് പൂർണ്ണമായും തയ്യാർ ചെയ്ത് നൽകുന്നതിന് വിദഗ്ധ സമിതികൾക്ക് അറിയിപ്പ് നൽകുകയും ആയത് രണ്ടാം സെമസ്റ്റർ ക്ലാസ്സുകൾക്ക് ശേഷം വരുന്ന വേനലവധി കാലയളവിൽ ശിൽപ്പശാല നടത്തി തയ്യാർ ചെയ്ത് നൽകാമെന്ന് സർവ്വകലാശാലയെ അറിയിക്കുകയും ചെയ്തിട്ടുള്ളതാകുന്നു. ആയതിനാൽ ടി പ്രോഗ്രാമുകളുടെ ബാക്കിയുള്ള സെമസ്റ്ററുകളുടെ സിലബസ് പൂർണ്ണമായും തയ്യാർ ചെയ്ത് വിദഗ്ധ സമിതികൾ നൽകുന്ന മുറയ്ക്ക് ആയത് അംഗീകാരത്തിനായി അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതുമാണ് .

**ഡോ. ലിബൂസ് ജേക്കബ് ഏബ്രഹാം**

**ചോദ്യം:**

27) സർവ്വകലാശാലയിൽ നിലവിൽ എത്ര അക്കാദമിക് ചെയറുകൾ പ്രവർത്തിക്കുന്നുണ്ട്? എത്ര ചെയറുകളുടെ അധ്യക്ഷപദവിയിൽ വിദേശ സർവ്വകലാശാലകളിൽ നിന്നുള്ള അക്കാദമിക വിദഗ്ധർ പ്രവർത്തിക്കുന്നുണ്ട്? ഇവയുടെ പ്രവർത്തനം സംബന്ധിച്ച് മാർഗ്ഗരേഖ സർവ്വകലാശാലയിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ടോ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**ഉത്തരം: ശ്രീ. അമൽ എബ്രഹാം**

സർവകലാശാലയിൽ നിലവിൽ 23 അക്കാദമിക് ചെയറുകൾ പ്രവർത്തിച്ചുവരുന്നു. അതിൽ ആറ് ചെയറുകളുടെ ചെയർ പ്രൊഫസർ പദവിയിൽ വിദേശ സർവകലാശാലയിൽ നിന്നുള്ള അക്കാദമിക വിദഗ്ധർ പ്രവർത്തിച്ചുവരുന്നു. സർവകലാശാല ഉത്തരവ് നം. 7454/AC A 3/2024/MGU തീയതി 13.08.2024 പ്രകാരം, സർവകലാശാലയിൽ സ്ഥാപിതമായിരിക്കുന്ന അക്കാദമിക് ചെയറുകളുടെ പ്രവർത്തനം സംബന്ധിച്ച് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

**ഡോ. രഞ്ജിത്ത് മോഹൻ പി**

**ചോദ്യം:**

28) FYUGP പരീക്ഷാ ഉത്തരക്കടലാസ്സുകളുടെ മൂല്യനിർണ്ണയ സമയത്ത് outcome mapping -ന്റെ സങ്കീർണ്ണത ലഘൂകരിക്കുന്നതിനായി software സംവിധാനം സർവ്വകലാശാലാ തലത്തിൽ ഏർപ്പാടാക്കാൻ തീരുമാനമായിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ കാര്യങ്ങൾ എവിടെ വരെയായി ?

**ഉത്തരം: ഡോ. ജോജി അലക്സ്**

FYUGP രണ്ടാം സെമസ്റ്റർ മുതൽ ടി സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ് .

**ഡോ. ലിബിൻ കുര്യാക്കോസ്**

**ചോദ്യം:**

29) RPWd Avt 2016 പ്രകാരം ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഭിന്നശേഷി വിഭാഗത്തിന് ജോലി സംവരണം വന്നതിനു ശേഷം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അഫിലിയേറ്റഡ് എയ്ഡഡ് കോളേജുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ള എത്ര അധ്യാപകർക്ക് നയമനം ലഭിച്ചിട്ടുണ്ട്? അവയിൽ എത്ര അധ്യാപകർക്ക് സർവ്വകലാശാല നിയമന അംഗീകാരം നൽകിയിട്ടുണ്ട്?

**ഉത്തരം: ഡോ. എ എസ് സുമേഷ്**

RPWd Act 2016 പ്രകാരം ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഭിന്നശേഷി വിഭാഗത്തിന് ജോലി സംവരണം വന്നതിനു ശേഷം മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രൈവറ്റ് എയ്ഡഡ് കോളേജുകളിൽ ഇതു വരെ 47 ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകർക്ക് നിയമനം ലഭിച്ചിട്ടുണ്ട്. ഇതിൽ 38 അദ്ധ്യാപകർക്ക് സർവകലാശാല നിയമനാംഗീകാരം നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 09 അദ്ധ്യാപകരുടെ നിയമനാംഗീകാര ശിപാർശ സർവകലാശാലയുടെ പരിഗണനയിലാണ്.

**ശ്രീ. സജിത്ത് ബാബു എസ്**

**ചോദ്യം:**

30) നിലവിൽ സർവ്വകലാശാലയിൽ അഫിയിയേറ്റ് ചെയ്യുന്ന കോളേജുകൾ സ്വയംഭരണ പദവിയിലേക്ക് മാറുന്നതിലേക്കായി സർവ്വകലാശാലയുമായി ബന്ധപ്പെട്ട പൂർത്തിയാക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? ടി വിഷയത്തിൽ സർവ്വകലാശാലയുടെ ഭാഗത്തുനിന്നുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നത് എത്ര സമയപരിധിക്കുള്ളി ലാണ്?

**ഉത്തരം: ഡോ. സതീഷ് കുമാർ പി ബി**

നിലവിൽ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്ന കോളേജുകൾ സ്വയംഭരണ പദവി ലഭിക്കുന്നതിനായി യുജിസിയുടെ ഓട്ടോണമസ് പോർട്ടൽ മുഖാന്തിരം ഓൺലൈനായി അപേക്ഷ സമർപ്പിക്കുകയാണ് ചെയ്യുന്നത്. അപ്രകാരം അഫിലിയേറ്റഡ് കോളേജുകൾക്ക് സ്വയംഭരണ പദവിയിലേക്ക് മാറുന്നതിനായി സർവകലാശാലയുടെ ഭാഗത്ത് നിന്നും യാതൊരു നടപടിയും സ്വീകരിക്കേണ്ടതില്ല. എന്നാൽ അഫിലിയേറ്റഡ് കോളേജുകൾക്ക് യുജിസി സ്വയംഭരണ പദവി അനുവദിക്കുന്ന വേളയിൽ 03.02.2024 ലെ നമ്പർ. 1027/AC B 7/2024/എം.ജി.യു സർവകലാശാല ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറക്ക് താമസം വിനാ സ്വയംഭരണ പദവി അനുവദിച്ചു കൊണ്ടുള്ള സർവകലാശാല വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ് .

**ഉപചോദ്യം: ഷിജോ കെ ചെറിയാൻ**

ഇതുമായി ബന്ധപ്പെട്ട് അടക്കേണ്ട ഫീസിനെപ്പറ്റി വ്യക്തമാക്കാമോ?

**ഉത്തരം: ശ്രീ. ഹരികൃഷ്ണൻ പി**

സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യുന്ന കോളേജുകൾ സ്വയംഭരണ പദവിയിലേക്ക് മാറുന്നതിലേക്കായി സർവ്വകലാശാലയിൽ അതുവരെയുള്ള എല്ലാ കുടിശ്ശികകളും അടച്ചിരിക്കണം കൂടാതെ അടുത്ത പത്തുവർഷത്തേക്കുള്ള ഒരു വൺടൈം സർവ്വീസസിന് പത്തുലക്ഷം രൂപ സർവ്വകലാശാലയിൽ കെട്ടിവയ്ക്കേണ്ടതുണ്ട്, അതുംകൂടാതെ കോളേജിലെ മാനേജരും സർവ്വകലാശാലയിലെ രജിസ്ട്രാറുമായി ഒരു അഫിഡവിറ്റ് എക്സിക്യൂട്ട് ചെയ്യേണ്ടതുണ്ട്.

**ഡോ. ബിജു എം കെ**

**ചോദ്യം:**

31) Online Education -ന്റെ ഭാഗമായി സർവ്വകലാശാല പുതിയ Programmes എന്തൊക്കെയാണ് ആരംഭിയ്ക്കാൻ ഉദ്ദേശിക്കുന്നത് ? എപ്പോൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. ?

**ഉത്തരം: ഡോ. സുജ ടി വി**

UGC Entitled കാറ്റഗറിയിലാണ് സർവ്വകലാശാല ഉൾപ്പെടുന്നത്. ആയത് പ്രകാരം 10 PG പ്രോഗ്രാമുകളും 3 UG പ്രോഗ്രാമുകളുമാണ് ഓൺലൈൻ വഴി നൽകുവാൻ കഴിയുന്നത്. അംഗീകാരം ലഭിച്ച മൂന്ന് UG പ്രോഗ്രാമുകളിൽ ബികോം ഓണേഴ്സ് പ്രോഗ്രാമും 10 PG പ്രോഗ്രാമുകളിൽ എം ബി എ, എം കോം, എം എ ഇംഗ്ലീഷ് എന്നീ മൂന്ന് PG പ്രോഗ്രാമുകളും ആരംഭിച്ചിട്ടുണ്ട്. ജൂലൈ 2025 സെഷനിൽ എം എ എക്കണോമിക്സ് പ്രോഗ്രാമും, ബി എ പൊളിറ്റിക്കൽ സയൻസ് (ഓണേഴ്സ്), ബിബിഎ (ഓണേഴ്സ്) എന്നീ UG പ്രോഗ്രാമുകളും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

DASP നിലവിൽ ഓൺലൈൻ കോഴ്സുകൾ നടത്തുന്നില്ല. എന്നാൽ 2025-2026 വർഷത്തിൽ സർട്ടിഫിക്കറ്റ്/ഡിപ്ലോമ പ്രോഗ്രാമുകളും FYUGP കോഴ്സുകളും ഹൈബ്രിഡ്/ ഓൺലൈനായി നടത്താൻ അനുമതി ലഭിച്ചിട്ടുണ്ട്. ഇപ്രകാരം താഴെ പറയുന്ന കോഴ്സുകൾ online/Hybrid രീതിയിൽ 2025 ഏപ്രിൽ മുതലുള്ള മാസങ്ങളിൽ വിജ്ഞാപനം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

1.Certificate German(A1 level) (hybrid)

2.Certificate/ Diploma in Culinary Arts ( offline)

3.Certificate in Digital Marketing ( online)

4.Certificate in Internet Programming & Web Technologies (online)

5. Post Graduate Certificate in Plant Tissue Culture Technology ( hybrid)

6. Post Graduate Certificate in Nanoscience and Nano Technology (hybrid)

7 .Certificate in Disaster Management (online)

8 .Certificate in Business Data Analysis using Tally ERP and MS Excel ( online)

9. Online Courses for FYUGP students

**ഡോ. സജ്ജ മാത്യു**

**ചോദ്യം:**

32) എം.ജി സർവ്വകലാശാലയിൽ റാഗിംഗ് സംബന്ധിച്ച പരാതികളിൽ തുടരന്വേഷണം നടത്താൻ കേന്ദ്രീകൃത സമിതികൾ നിലവിലുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ നടപടിക്രമങ്ങൾ എങ്ങനെയാണ്?

**ഉത്തരം: ശ്രീ. അരുൺ കെ ശശീന്ദ്രൻ**

മഹാത്മാഗാന്ധി സർവകലാശാല ക്യാമ്പസിൽ റാഗിങ് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും റാഗിങ് സംബന്ധമായ പരാതി ലഭിച്ചാൽ അന്വേഷണം നടത്തി തീരുമാനം കൈക്കൊള്ളുന്നതിനുമായി ആന്റി റാഗിങ് കമ്മിറ്റി, ആന്റി റാഗിങ് സ്ക്വാഡ് എന്നിങ്ങനെ രണ്ട് സമിതികൾ നിലവിലുണ്ട് അവയെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു .

**1 ) ആന്റി റാഗിങ് സ്ക്വാഡ്(Anti Ragging Squad)**

**യുജിസി പുറപ്പെടുവിച്ചിട്ടുള്ള UGC REGULATIONS ON CURBING THE MENACE OF RAGGING IN HIGHER EDUCATIONAL INSTITUTIONS, 2009, Clause 6.3(c)** പ്രകാരം രൂപീകൃതമായ സമിതിയാണിത്. ഹോസ്റ്റലുകളിലും റാഗിങ് നടക്കാനിടയുള്ള മറ്റിടങ്ങളിലും സന്ദർശനം നടത്തുകയും റാഗിങ്ങ് നടക്കാനുള്ള സാഹചര്യങ്ങൾ അവിടങ്ങളിലില്ല എന്നുറപ്പുവരുത്തുകയും ചെയ്യേണ്ടത് ആന്റി റാഗിങ്ങ് സ്ക്വാഡിന്റെ ചുമതലയാണ് . റാഗിങ് സംബന്ധിച്ച് പരാതി ലഭിക്കുന്ന പക്ഷം വിദ്യാഭ്യാസ സ്ഥാപനത്തിന്റെ തലവൻ അത് ആന്റി റാഗിങ് സ്ക്വാഡിന് കൈമാറുകയും സ്ക്വാഡ് റാഗിങ് നടന്നതായിപ്പറയപ്പെടുന്ന സ്ഥലം സന്ദർശിക്കുകയും പരാതിയിൽ അന്വേഷണം നടത്തി അതിന്റെ റിപ്പോർട്ട് ആന്റി റാഗിങ് കമ്മിറ്റിക്ക് കൈമാറേണ്ടതുമാകുന്നു.

**2 . ആന്റി റാഗിങ് കമ്മിറ്റി (Anti Ragging Committee)**

**UGC REGULATIONS ON CURBING THE MENACE OF RAGGING IN HIGHER EDUCATIONAL INSTITUTIONS, 2009, Clause 6.3(a)** പ്രകാരം രൂപീകൃതമായ സമിതിയാണിത്.ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിൽ റാഗിങ് സംഭവങ്ങളുണ്ടാകാതെ തടയാനാവശ്യമായ ക്രമീകരങ്ങളെ സംബന്ധിച്ച് തീരുമാനങ്ങളെടുക്കുന്നത് ആന്റി റാഗിങ്ങ് കമ്മിറ്റിയാണ്. ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിന്റെ തലവൻ തന്നെയാണ് ഈ കമ്മിറ്റിയുടെ ചെയർമാൻ. ഈ കമ്മിറ്റിയിൽ സിവിൽ അഡ്മിനിസ്ട്രേഷൻ, പോലീസ് അഡ്മിനിസ്ട്രേഷൻ, രക്ഷകർത്താക്കൾ, അധ്യാപക- അനധ്യാപക വിഭാഗം ജീവനക്കാർ, മാധ്യമങ്ങൾ, യുവജനകാര്യങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന

സർക്കാരിതര സംഘടന, ജൂനിയർ വിദ്യാർത്ഥികർ, സീനിയർ വിദ്യാർത്ഥികൾ എന്നിവരുടെയെല്ലാം പ്രതിനിധികൾ അംഗങ്ങളാണ്. റാഗിങ് പരാതികളിൽ അന്വേഷണം നടത്തിയശേഷം ആന്റി റാഗിങ് സ്ക്വാഡ് സമർപ്പിക്കുന്ന റിപ്പോർട്ടിന്മേലും ശിപാർശകളിന്മേലും തീരുമാനം കൈക്കൊള്ളേണ്ട ചുമതല ആന്റി റാഗിങ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ് . റാഗിങ് പരാതിയിൽ കുറ്റാരോപിതരായ വിദ്യാർത്ഥികളുടെമേലുള്ള ആരോപണം തെളിഞ്ഞാൽ UGC REGULATIONS ON CURBING THE MENACE OF RAGGING IN HIGHER EDUCATIONAL INSTITUTIONS, 2009, Clause 9.1(b) പ്രകാരം സസ്പെൻഷൻ, ഡിസ്മിസ്സൽ, സ്കോളർഷിപ്പും മറ്റാനുകൂല്യങ്ങളും തടഞ്ഞുവയ്ക്കൽ, പരീക്ഷകളിൽ പങ്കെടുക്കുന്നതിൽനിന്നും വിലക്കൽ മുതലായ വിവിധ ശിക്ഷാനടപടികൾ അവർക്കെതിരേ ആന്റി റാഗിങ് കമ്മിറ്റികൾക്ക് കൈക്കൊള്ളാവുന്നതാണ്.

**റാഗിങ് പരാതി ലഭിച്ചാൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ**

റാഗിങ്ങ് നടന്നതായി വിവരം ലഭിച്ചയുടൻ/ റാഗിങ്ങ് സംബന്ധിച്ച ആന്റി റാഗിങ് സ്ക്വാഡിന്റെ ശിപാർശ ലഭിച്ച് 24 മണിക്കൂറിനുള്ളിൽ സ്ഥാപന മേലധികാരി ആ വിവരം പൊലീസിന് കൈമാറേണ്ടതാണ് . പോലീസ് അന്വേഷണത്തിന് സമാന്തരമായി വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഭാഗത്തുനിന്നും ആന്റി റാഗിങ് സ്ക്വാഡ് / കമ്മിറ്റി തലത്തിലും അന്വേഷണം മുന്നോട്ടുകൊണ്ടുപോകേണ്ടതാണ് . കൂടാതെ സ്ഥാപന മേലധികാരി വിവരം ജില്ലാതല ആന്റി റാഗിങ് കമ്മിറ്റിയെയും അറിയിക്കേണ്ടതാണ് . പരാതിയിൽ അന്വേഷണം പൂർത്തിയാക്കി ആന്റി റാഗിങ് സ്ക്വാഡ് സമർപ്പിക്കുന്ന റിപ്പോർട്ടിലെ ശിപാർശകൾ പരിഗണിച്ച് ആന്റി റാഗിങ് കമ്മിറ്റിക്ക് ആവശ്യമെങ്കിൽ കുറ്റക്കാരായ വിദ്യാർത്ഥികൾക്കെതിരെ നടപടികൾ സ്വീകരിക്കാവുന്നതാണ് .

UGC നിർദേശപ്രകാരം ആന്റി റാഗിങ് സ്ക്വാഡ്, ആന്റി റാഗിങ് കമ്മിറ്റി എന്നിവ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രവർത്തിക്കേണ്ടതാണ് . അഫിലിയേറ്റഡ് സ്ഥാപനങ്ങളിലെ ആന്റി റാഗിങ് കമ്മിറ്റികൾ കൈക്കൊള്ളുന്ന തീരുമാനങ്ങൾക്കുമേൽ വിദ്യാർത്ഥികൾക്ക് സർവകലാശാല വൈസ് ചാൻസലർക്ക് അപ്പീൽ നൽകാവുന്നതാണ്. സർവകലാശാലയിലെ ആന്റി റാഗിങ് കമ്മിറ്റികളുടെ തീരുമാനങ്ങൾക്കെതിരെയുള്ള അപ്പീലുകൾ ബഹു. ചാൻസലർക്കാണ് സമർപ്പിക്കേണ്ടത് .

**ശ്രീ. ടിറ്റു തോമസ്**

**ചോദ്യം:**

33) MGU UGP പ്രകാരം കുട്ടികൾക്ക് വിവിധ ഓൺലൈൻ കോഴ്സുകൾ വഴി ക്രെഡിറ്റ് കരസ്ഥമാക്കാം, എങ്കിലും അത്തരം കോഴ്സുകൾ സുലഭമല്ലാത്തത് കുട്ടികൾക്ക് ഈ സൗകര്യം

ഉപയോഗിക്കുവാനുള്ള ഒരു പരിമിതിയായി നിലനില്ക്കുന്നു. എം.ജി സർവ്വകലാശാല നൂതന വിഷയങ്ങളിൽ ഇത്തരം ഓൺലൈൻ കോഴ്സുകൾ തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം: ഡോ. സുജ ടി വി**

നിലവിൽ സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ (CDOE) പ്രധാനമായും നൽകുന്നത് UG/PG ഓൺലൈൻ പ്രോഗ്രാമുകളാണ്. MGU UGP പ്രകാരമുള്ള വിവിധ AEC കോഴ്സുകൾ, മൈനർ കോഴ്സുകൾ എന്നിവ CDOE യിൽ നിന്നും ഓൺലൈനായി ആരംഭിക്കുവാനും ഇതിനായി സോഫ്റ്റ്‌വെയർ സേവനം നല്കാൻ TCS സ്ഥാപനവുമായി കരാറിൽ ഏർപ്പെടുവാനും സിൻഡിക്കേറ്റ് ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഒരു വിദ്യാർത്ഥിക്ക് ഒരു കോഴ്സിന് 275 രൂപ നിരക്കിൽ നൽകിക്കൊണ്ട് സോഫ്റ്റ്‌വെയർ സേവനം ലഭ്യമാക്കുവാൻ TCS സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ടി സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തി FYUGP വിദ്യാർത്ഥികൾക്കായി ഈ അധ്യയനവർഷം ഫ്രഞ്ച്, ജർമൻ , തമിഴ് ഭാഷാവിഷയങ്ങളിൽ എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സുകൾ (AEC) ആരംഭിച്ചിട്ടുണ്ട്. അടുത്ത അധ്യയന വർഷം മുതൽ MGU UGP വിദ്യാർത്ഥികൾക്കായി കൂടുതൽ വിഷയങ്ങളിൽ ഓൺലൈൻ കോഴ്സുകൾ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആധുനിക വിദ്യാഭ്യാസത്തിൽ നൈപുണ്യ വികസനത്തിന് പ്രധാന്യമുണ്ടെന്ന തിരിച്ചറിവിൽ 2019 ൽ തന്നെ മഹാത്മാ ഗാന്ധി സർവകലാശാല Directorate for Applied Short-term Programmes (DASP)ന്റെ കീഴിൽ ഹ്രസ്വകാല സ്കിൽ ഡെവലപ്മെന്റ് കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. സർവകലാശാലയുടെ ബൃഹത്തായ അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക് അടിത്തറയും ഉപയോഗിച്ചാണ് ഇത്തരമൊരു പദ്ധതിക്ക് രൂപ കല്പന നൽകിയിരിക്കുന്നത്. ആദ്യഘട്ടത്തിൽ പാർട് ടൈം ആയും ഫുൾ ടൈം ആയും ആയും പഠിക്കാൻ സാധിക്കുന്ന തരത്തിലുള്ള സർട്ടിഫിക്കറ്റ്/ഡിപ്ലോമ പ്രോഗ്രാമുകളാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ പ്രോഗ്രാമുകൾ ഓൺലൈനിൽ നടത്താൻ സിൻഡിക്കേറ്റ് അനുമതി നൽകിയതോടെ സർവകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിലെ FYUGP വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുംവിധമുള്ള ഓൺലൈൻ കോഴ്സുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് .

**ശ്രീ. ഉണ്ണി. എം എസ്**

**ചോദ്യം:**

34) DASP-MGU UGP യുടെ ഭാഗമായി സർവ്വകലാശാലയിൽ അഫിയിയേറ്റഡ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ഏതെല്ലാം കോഴ്സുകൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

**ഉത്തരംഃ ഡോ. സെനോ ജോസ്**

DASP നടത്തുന്ന പ്രോഗ്രാമുകളിൽ നിന്നും FYUGP വിദ്യാർത്ഥികൾക്ക് ഉതകും വിധം Skill Enhancement course(SEC), Value Added Course(VAC) , Multi Disciplinary Course(MDC) കോഴ്സുകൾ തിരഞ്ഞെടുത്ത് ഓൺലൈനായി ഓഫർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിനായി 36 കോഴ്സുകളുടെ സിലബസ് DASP ൽ തയ്യാറാക്കിയിട്ടുണ്ട് .

DASP ലെ പ്രോഗ്രാമുകളിൽ നിന്നും തൊഴിൽ സാധ്യതയും ഡിമാന്റും ഉള്ളതും വിദ്യാർത്ഥികൾക്ക് ഉപകാരപ്രദവുമായ SEC,VAC,MBC കോഴ്സുകൾ 2025 -26 അക്കാദമിക് വർഷം FYUGP യുടെ ആദ്യ ബാച്ചിലെ മൂന്നാം സെമസ്റ്റർ മുതൽ പ്രയോജനകരമാകും വിധം വിജ്ഞാപനം ചെയ്യാനും ക്ലാസുകൾ റെക്കോർഡ് ചെയ്യാനുമുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

**ശ്രീ. സുരേഷ് എം എസ്**

**ചോദ്യം:**

35) FYUGP യുടെ ഭാഗമായി അഫിലിയേറ്റഡ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് മൈനർ/മേജർ കോഴ്സുകൾ സർവ്വകലാശാലയിൽ നിന്നും ഓൺലൈൻ കോഴ്സായി തെരഞ്ഞെടുക്കാവുന്നത് സംബന്ധിച്ചുള്ള സാധ്യതകൾ പരിശോധിക്കണമെന്ന് സംസ്ഥാന സർക്കാർ തന്നെ മുന്നോട്ട് വച്ചിട്ടുള്ള സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുക ?

**ഉത്തരംഃ ഡോ. എ എസ് സുമേഷ്**

സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷനിൽ MGU UGP പ്രകാരമുള്ള വിവിധ AEC കോഴ്സുകൾ, മൈനർ കോഴ്സുകൾ എന്നിവ ഓൺലൈനായി ആരംഭിക്കുവാനും ടി കോഴ്സുകൾ ഓൺലൈനിൽ നൽകുന്നതിനായി സോഫ്റ്റ്‌വെയർ ലഭ്യമാക്കുവാൻ TCS സ്ഥാപനവുമായി കരാറിൽ ഏർപ്പെടുവാനും സിൻഡിക്കേറ്റ് ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഒരു വിദ്യാർത്ഥിക്ക് ഒരു കോഴ്സിന് 275 രൂപ നിരക്കിൽ നൽകികൊണ്ട് സോഫ്റ്റ് വെയർ സേവനം ലഭ്യമാക്കുവാൻ TCS സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ഈ അധ്യയനവർഷം ഫ്രഞ്ച്, ജർമൻ , തമിഴ് ഭാഷാവിഷയങ്ങളിൽ എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സുകൾ (AEC) ആരംഭിക്കുകയും ചെയ്തു. അടുത്ത അധ്യയന വർഷം മുതൽ MGU UGP

വിദ്യാർത്ഥികൾക്കായി കൂടുതൽ വിഷയങ്ങളിൽ ഓൺലൈൻ കോഴ്സുകൾ നൽകാനും ഉദ്ദേശിക്കുന്നുണ്ട്.

18.01.2025 തീയതിയിലെ സർവകലാശാല ഉത്തരവ് നമ്പർ 478/ACA5/2025/ എം ജി യു പ്രകാരം DASP അക്കാദമിക് കോർ കമ്മിറ്റിയുടെ ശിപാർശകൾ പരിഗണിച്ച് , DASP ൽ FYUGPയുടെ ഭാഗമായി 3,4 ക്രെഡിറ്റ് വരുന്ന കോഴ്സുകൾ വിഭാവനം ചെയ്യുന്നതിനും നാലു വർഷ ഡിഗ്രി വിദ്യാർത്ഥികൾക്ക് പ്രയോജനമാകും വിധം ഓൺലൈനായി വിവിധ കോഴ്സുകൾ നടത്തുന്നതിനും തീരുമാനമായിട്ടുണ്ട്. അടുത്ത അധ്യയന വർഷം മുതൽ ടി കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**ഡോ. ലിബിൻ കുര്യാക്കോസ്**

**ചോദ്യം:**

36) സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ ഈ അക്കാദമിക വർഷത്തിൽ ആരംഭിച്ചിട്ടുള്ള ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിൽ അടുത്ത അക്കാദമിക വർഷത്തിൽ കൂടുതൽ വിദ്യാർത്ഥികളെ കോളേജുകളിലേക്ക് ആകർഷിക്കുന്നതിന് വേണ്ടി എന്തൊക്കെ നടപടികളാണ് സർവ്വകലാശാല തലത്തിൽ സ്വീകരിച്ചിട്ടുള്ളത് ?

**ഉത്തരം: ശ്രീ. അരുൺ കെ ശശീന്ദ്രൻ**

സർവ്വകലാശാലയുടെ അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ 2024-25 അദ്ധ്യയന വർഷം മുതൽ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകൾ ആരംഭിച്ചതിന് മുന്നോടിയായി പ്ലസ്ടു വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കുമായി ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിൽ അവബോധം സൃഷ്ടിക്കുന്നതിനായി സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ സിൻഡിക്കേറ്റ് അംഗങ്ങൾ/മാസ്റ്റർ ട്രെയിനേഴ്സ് എന്നിവരുടെ നേതൃത്വത്തിൽ "മുഖാ മുഖം" പരിപാടി സംഘടിപ്പിച്ചിരുന്നു. ആയത് വിദ്യാർത്ഥികൾക്ക് ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിൽ അവബോധം സൃഷ്ടിക്കുന്നതിനും കൂടുതൽ വിദ്യാർത്ഥികൾ പ്രോഗ്രാമിലേയ്ക്ക് പ്രവേശിക്കുന്നതിനും വഴിതെളിച്ചിരുന്നു.

മേൽ വസ്തുത ഉൾപ്പെടെ വിഷയം ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ മേൽനോട്ട ചുമതല വഹിക്കുന്ന സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതും സമിതിയുടെ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് വിഷയത്തിൽ ആവശ്യമെങ്കിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതുമാണ്.

**ഡോ. ബിജു എം കെ**

**ചോദ്യം:**

37) സർവ്വകലാശാല അധ്യാപകരുടെ Quaters -ന്റെ നിലവിലെ എണ്ണം അപര്യാപ്തമാണ്. പുതിയ Quaters -ന്റെ പണികൾ സർവ്വകലാശാല ഉടനെ ആരംഭിക്കുന്നുണ്ടോ ? അതിനുള്ള നടപടിക്രമങ്ങൾ എത്ര വരെയായി ?

**ഉത്തരം: ഡോ. സെനോ ജോസ്**

നിലവിൽ അധ്യാപകർക്കായി പുതിയ Quarters- കളുടെ നിർമ്മാണം സർവകലാശാലയിൽ നടക്കുന്നില്ല എന്ന വിവരം അറിയിക്കുന്നു.

**ഉപചോദ്യം: പ്രൊഫ. നൗഷാദ് പി പി**

നിലവിൽ ഏഴ് Quarters -ന്റെ നിർമ്മാണം പൂർത്തിയാകാതെ കിടക്കുന്നുണ്ട്. അതിന്റെ നിർമ്മാണം ഉടനെ ആരംഭിക്കുമോ?

ഇതുമായി ബന്ധപ്പെട്ട് ഒരു കേസ് നിലനിൽക്കുന്നതിനാൽ നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത അവസ്ഥയാണെന്ന് ബഹുമാനപ്പെട്ട അദ്ധ്യക്ഷൻ മറുപടി കൊടുക്കുകയുണ്ടായി.

**ശ്രീ. സജിത്ത് ബാബു എസ്**

**ചോദ്യം:**

38) നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ ഒന്നാം വർഷ പരീക്ഷയുടെ ചോദ്യബാങ്ക്, ചോദ്യപേപ്പർ, മൂല്യനിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ അദ്ധ്യാപകരിൽ നിന്നോ വിദ്യാർഥികളിൽ നിന്നോ സർവ്വകലാശാലയിൽ ലഭിച്ചിട്ടുണ്ടോ? ഈ വിഷയത്തിൽ സർവ്വകലാശാല കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

**ഉത്തരം: ഡോ. ജോജി അലക്സ്**

നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ ഒന്നാം സെമസ്റ്റർ പരീക്ഷകളുടെ ചോദ്യബാങ്കുമായി ബന്ധപ്പെട്ട പരാതികളൊന്നും ലഭിച്ചിട്ടില്ല. പരീക്ഷ നടന്നതിൽ രണ്ട് ചോദ്യപേപ്പറുകളിലെ Course Outcome mapping, Taxonomy level എന്നിവയിലുണ്ടായിരുന്ന ചെറിയ അപാകതകൾ സംബന്ധിച്ച പരാതി അധ്യാപകരിൽ നിന്നും ലഭിച്ചിരുന്നു. ആയത് ബന്ധപ്പെട്ട Valuation ചെയർമാൻമാരെ അറിയിക്കുകയും മൂല്യനിർണ്ണയ സമയത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

നാലു വർഷ ബിരുദ പ്രോഗ്രാമിന്റെ ഭാഗമായി കോളേജുകളിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന ഒന്നാം സെമസ്റ്റർ ഡിഗ്രി പരീക്ഷകളുടെ മൂല്യനിർണയത്തിൽ അധ്യാപകവിഭാഗം നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് 13.12.2024-ൽ ബഹു. വൈസ്

ചാൻസിലർക്ക്, KPCTA പ്രസിഡൻറ് ഡോ.സിസ്റ്റു കെ, അസോ. പ്രൊഫ .കൊച്ചിൻ കോളേജ്, കൊച്ചി ഒരു പരാതി സമർപ്പിച്ചിരുന്നു.

മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് അദ്ധ്യാപകർക്ക് കൂടുതൽ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിച്ചുവരുന്നു എന്നും, പ്രസ്തുത പരാതി, ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സർവ്വകലാശാല രൂപീകരിച്ച മേൽനോട്ട സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരിക്കുന്നു എന്നും അക്കാദമിക് വിഭാഗം അറിയിച്ചിട്ടുണ്ട്.

**ഡോ. ലിബൂസ് ജേക്കബ് ഏബ്രഹാം**

**ചോദ്യം:**

39) PMUSHA പദ്ധതിയുടെ ഭാഗമായി സർവ്വകലാശാല എത്ര തുക മാറ്റിവച്ചിട്ടുണ്ട്? ഏതെല്ലാം മേഖലകളിലെ വികസനപ്രവർത്തനത്തിനാണ് ഈ തുക വിനിയോഗിക്കുന്നത്? വിശദമാക്കാമോ?

**ഉത്തരം: ഡോ. സെനോ ജോസ്**

PM USHA പദ്ധതിയുടെ ഭാഗമായി ₹ 20 കോടി രൂപ സർവ്വകലാശാലക്ക് റൂസ കാര്യാലയം അനുവദിച്ചിട്ടുണ്ട്.ടി തുക സർവ്വകലാശാലക്ക് ആവശ്യമായ കെട്ടിട നിർമാണം, നവീകരണം, വിവരസാങ്കേതിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതാണ്. തുകയുടെ വിശദമായ വിനിയോഗം താഴെ ചേർത്തിട്ടുണ്ട്.

| SL.NO | Activity | Sanctioned Amount (In Lakhs) |
|---|---|---|
| 1 | Phase 1 - Construction of a dedicated building for FYUGP and Integrated programs | 1200 |
| 2 | Upgradation of MGU Muttom campus into a planned campus | 60 |
| 3 | Laboratories, instruments, equipment, computer labs, design labs for FYUGP programmes, Business Process automation and Simulation Lab | 60 |
| 4 | Vocational Courses, Bridge courses, STEM Courses and OL | 80 |
| 5 | Internationalization of Higher Education | 165 |
| 6 | Establishing a Centre for Indian Knowledge system | 7.5 |

| | | |
|---|---|---|
| 7 | Smart Classroom, Theatre, Computer Labs, WiFi Facilities, server and other digital infrastructure | 60 |
| 8 | Online/Offline training facility for teachers | 10 |
| 9 | IPR Activities | 15 |
| 10 | Setting up additional incubators in MGU Campus | 190 |
| 11 | Training, Placement and career guidance cell | 20 |
| 12 | Counselling on Psychological support/ Counselling for career guidance | 10 |
| 13 | Data management for accreditation and ranking | 10 |
| 14 | Vocational courses for additional skill acquisition | 30 |
| 15 | Technology enabled Regional Heritage Museum | 40 |
| 16 | Starting of FYUGP and integrated programmes and supporting the new PG programmes | 42.5 |
| | **GRAND TOTAL** | 2000 |

**ശ്രീ. സിബിൻ എൽദോസ്**

**ചോദ്യം:**

40) റിട്ടയർമെന്റ് കഴിഞ്ഞ എത്ര അധ്യാപകർ നിലവിൽ സർവ്വകലാശാലയിൽ തുടരുന്നുണ്ട് ? ഇതിൽ എത്രപേർ ഗസ്റ്റ് ഫാക്കൽറ്റിയായി തൊഴിൽ എടുക്കുന്നുണ്ട്?

**ഉത്തരം: അഡ്വ. റെജി സക്കറിയ**

റിട്ടയർമെന്റ് കഴിഞ്ഞ എട്ട് അദ്ധ്യാപകർ നിലവിൽ സർവ്വകലാശാലയിൽ തുടരുന്നുണ്ട്. ഇതിൽ ആരും ഗസ്റ്റ് ഫാക്കൽറ്റിയായി തൊഴിൽ എടുക്കുന്നില്ല.

**ശ്രീ. ടിറ്റു തോമസ്**

**ചോദ്യം:**

41) അഫിലിയേറ്റഡ് കോളേജുകളിൽ പ്രാക്ടിക്കൽ പരീക്ഷയ്ക്ക് "cost of materials" എന്ന ഇനത്തിൽ കൊടുത്തുവരുന്ന തുക നന്നേ ചെറുതാണ്. അത് കാലാനുസൃതമായി പരിഷ്കരിക്കാനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിക്കുമോ?

**ഉത്തരം: ഡോ. ജോജി അലക്സ്**

നിലവിൽ U.O.No.503/EAII/2/129/2010/Exam Dated, 09.11.2010 പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കുകളിലാണ് അഫിലിയേറ്റഡ് കോളേജുകളിൽ പ്രാക്ടിക്കൽ പരീക്ഷക്ക് "cost of materials" എന്ന ഇനത്തിൽ തുക അനുവദിച്ച് വരുന്നത്. ഇതിന് കാലോചിതമായ വർദ്ധനവ് വരുത്തുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം ആവശ്യമുള്ളതിനാൽ, ടി ഉത്തരവ് കാലാനുസൃതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കാൻ വൈസ് ചാൻസലർ ഉത്തരവായിരുന്നു.

അതിൻപ്രകാരം പ്രസ്തുത വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനക്കായി സമർപ്പിച്ചിരിക്കുകയാണ്.

**ഡോ. ലിബിൻ കുര്യാക്കോസ്**

**ചോദ്യം:**

42) സർവ്വകലാശാല തനത് ഫണ്ടിൽ നിന്ന് 2023-2024 അക്കാദമിക വർഷത്തിൽ ഗവേഷണ വിദ്യാർത്ഥികൾക്കായി നൽകിയ സ്കോളർഷിപ്പുകളുടെ എണ്ണം എത്ര? അതിനായി ചെലവഴിക്കുന്ന ആകെ തുക എത്ര? പ്രസ്തുത വിവരങ്ങൾ സർവ്വകലാശാല പഠന വകുപ്പ് ഓട്ടോണമസ് അല്ലാത്ത അഫിലിയേറ്റഡ് കോളേജുകൾ, ഓട്ടോണമസ് കോളേജുകൾ എന്നിങ്ങനെ തരം തിരിച്ച് നൽകുക.

**ഉത്തരം: ഡോ. ബാബു മൈക്കിൾ**

സർക്കാർ നൽകുന്ന പദ്ധതി വിഹിതത്തിൽ നിന്നും ആണ് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഗവേഷണ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നത്. സർവ്വകലാശാലയിൽ 2023-24 അക്കാദമിക വർഷത്തിൽ തനതു ഫണ്ടിൽ നിന്നു സ്കോളർഷിപ്പ് നൽകിയിട്ടില്ല.

**ഡോ. ഷിബു എം ജോർജ്**

**ചോദ്യം:**

43) NCC, NSS,Sports, Cutural എന്നിവയുമായി ബന്ധപ്പെട്ട 2024 MGU UGP അഡ്മിഷൻ ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് ഗ്രെയ്‌സ് മാർക്ക് ചേർക്കുവാനുള്ള എന്ത് സംവിധാനം ആണ് സർവ്വകലാശാല നിലവിൽ ഏർപ്പെടുത്തിയിരിക്കുന്നത് ?

**ഉത്തരം: ഡോ . ബിജു തോമസ്**

FYUGP പ്രോഗ്രാമുകൾക്ക് NSS/NCC/Cultural Activities/Sports & Games തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ഗ്രേസ് മാർക്ക് സംസ്ഥാന വ്യാപകമായി എല്ലാ സർവകലാശാലകളിലും ഏകീകൃത രീതിയിൽ അനുവദിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച Kerala State Higher Education Council ന്റെ മെമ്പർ സെക്രട്ടറിയുടെ റിപ്പോർട്ട് ലഭിച്ചിരുന്നു. ടി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച ഉത്തരവുകൾക്കായി ഫയൽ ബഹു. വൈസ് ചാൻസലർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിൽ നടപടികൾ പുരോഗമിച്ചു വരുന്നു.

11.16 –ന് ചോദ്യോത്തരങ്ങൾ അവസാനിക്കുകയും തുടർന്ന് ശ്രീ . സുരേഷ് എം .എസ് , ഡോ. സജു മാത്യൂ എന്നിവരുടെ രണ്ട് അടിയന്തിര പ്രമേയം ലഭിച്ചിട്ടുള്ളതായി അധ്യക്ഷൻ സഭയെ അറിയിച്ചു. എന്നാൽ ഡോ. സജു മാത്യൂ തന്റെ അടിയന്തിര പ്രമേയം വേണ്ടത്ര പിൻതുണയില്ലാത്തതിനാൽ പിൻവലിക്കുന്നതായി സഭയെ അറിയിച്ചു . ശേഷം ശ്രീ . സുരേഷ് എം .എസ് –നെ തന്റെ പ്രമേയം അവതരിപ്പിക്കുന്നതിനും സഭയുടെ മതിയായ പിൻതുണ തേടുന്നതിനുമായി അധ്യക്ഷൻ ക്ഷണിക്കുകയും മതിയായ പിന്തുണ ലഭിച്ചതിനെ തുടർന്ന് അവതാരകൻ അടിയന്തിര പ്രമേയം അവതരിപ്പിക്കുകയും ചെയ്തു.

## അടിയന്തിര പ്രമേയം

**അവതാരകൻ: ശ്രീ . സുരേഷ് എം. എസ്**
**അനുവാദകൻ: പ്രൊഫ . നൗഷാദ് പി പി**

**ദേശീയവിദ്യഭ്യാസനയം 2020 മുൻനിർത്തി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ കൈപ്പിടിയിലൊതുക്കാനുള്ള ശ്രമങ്ങൾ കേന്ദ്രസർക്കാർ നടത്തികൊണ്ടിരിക്കുന്നു. ഇതിന്റെ തുടർച്ചയെന്നോണം അവസരിപ്പിക്കപ്പെട്ടതാണ് യുജിസി കരട് നിയമ ഭേദഗതി 2025. ഉന്നത വിദ്യാഭ്യാസ മേഖലയെ തച്ചുതകർക്കാനുള്ള നീക്കത്തിന്റെ ഭാഗമായ ഈ നിയമം പിൻവലിക്കണമെന്ന് ഈ സെനറ്റ് യോഗം ആവശ്യപ്പെടുന്നു.**

ഭരണഘടന ഉയർത്തിപ്പിടിക്കുന്ന എല്ലാ മൗലിക തത്വങ്ങളെയും അട്ടിമറിച്ച് രാജ്യത്തെ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ നിയന്ത്രണം സ്വന്തമാക്കി വിദ്യാഭ്യാസ മേഖലയാകെ

കാവ്യവൽക്കരിക്കാനും വർഗീയ വൽക്കരിക്കാനും ഉള്ള ശ്രമത്തിന്റെ ഭാഗമാണ് യുജിസി കരട് ചട്ട ഭേദഗതി. സർവകലാശാലകളിലേയും കോളേജുകളിലേയും അക്കാദമിക ഗുണനിലവാരം മെച്ചപ്പെടുത്തുക, അതിനാവശ്യമായ ഫണ്ട് നൽകുക എന്നിവ ലക്ഷ്യമാക്കിയാണ് 1956–ൽ യുജിസി നിയമം പാർലമെന്റ് പാസാക്കിയത്. സർവകലാശാലകളിലെ നിലവാരം ഏകോപിപ്പിക്കുന്നതിനും നിർണയിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു നിയമം എന്നാണ് യുജിസി ആക്ടിന്റെ ആമുഖത്തിൽ പറയുന്നത്. ഈ നയം അപ്പാടെ കാറ്റിൽ പറത്തുന്നതാണ് പുതിയ ഭേദഗതി നിർദ്ദേശങ്ങൾ.

വൈസ് ചാൻസലറെ തീരുമാനിക്കുന്ന സേർച്ച് കമ്മിറ്റിയിൽ മൂന്നിൽ രണ്ടുപേരെയും സംസ്ഥാനത്തിന് തീരുമാനിക്കാൻ കഴിയാത്ത സ്ഥിതിയാണ് ഭേദഗതി യാഥാർത്ഥ്യമായാൽ നടപ്പാകുക. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം പാലിക്കുക എന്നതാണ് യുജിസിയുടെ അധികാരപരിധിയിൽ വരുന്നത്. സർവകലാശാലകൾ പ്രവർത്തിക്കുന്നതാകട്ടെ നിയമസഭപാസാക്കിയ നിയമത്തിന് അനുസൃതമായും വൈസ് ചാൻസലർ നിയമനം, പ്രവർത്തന കാലാവധി എന്നിവയെല്ലാം സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ വരുന്നതാണ്. സംസ്ഥാനങ്ങളുടെ വിഭവശേഷി വിനിയോഗിച്ചതിന്റെ ഫലമായാണ് സർവ്വകലാശാലകൾ അഭിമാനകരമായ രീതിയിൽ പ്രവർത്തിക്കുന്നത്. എന്നാൽ, അതിരുകടന്ന അധികാരപ്രയോഗത്തിലൂടെ കേന്ദ്രസർക്കാർ ഇവ പിടിച്ചടക്കാൻ ശ്രമിക്കുന്നത് ചെറുത്തു തോൽപ്പിക്കേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ സർവകലാശാലകളിലെ ഭരണപരമായ കാര്യങ്ങൾ നിർവഹിക്കാനുള്ള മുഖ്യ അധികാരം സംസ്ഥാനത്തിന് നൽകുക, അക്കാദമിക രംഗത്തിന് പുറത്തുള്ളവരെ വൈസ് ചാൻസലർമാരാക്കുന്നത് തടയുക, ഫെഡറൽ തത്വങ്ങൾ പാലിച്ചുകൊണ്ട് വൈസ് ചാൻസലർ നിയമനത്തിനുള്ള സംസ്ഥാന സർക്കാരിന്റെ അവകാശം നിലനിർത്തുക, നിയമനിർമ്മാണത്തിനുള്ള സംസ്ഥാനത്തിന്റെ അവകാശത്തെ യൂജിസി മാനിക്കുക എന്നീ ആവശ്യങ്ങൾ അംഗീകരിച്ചുകൊണ്ട് യൂജീസി കരട് ചട്ട ഭേദഗതി ഉടൻ പിൻവലിക്കണമെന്ന് ഈ സെനറ്റ് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

## II സിൻഡിക്കേറ്റും വൈസ് ചാൻസലറും അവതരിപ്പിക്കുന്ന വിഷയങ്ങൾ

I. വാർഷിക റിപ്പോർട്ട് – 2024

വാർഷിക അക്കൗണ്ട്സ് – 2023–2024

ഫിനാൻഷ്യൽ എസ്റ്റിമേറ്റ് - 2024-2025

2. As per statues 9(7) Chapter 23 of Mahatma Gandhi University statutes 1997 the matter of granting of affiliation to a new College/ new Couse shall be reported to the Senate at its next meeting. Hence it is reported following New College/Courses have been granted affiliation by the University after the last meeting of the Senate held on 02.11.2024.

As per statute 14 Chapter 23 of Mahatma Gandhi University statures 1997, the matter of withdrawal or suspension of affiliation shall be placed before the Senate. Hence it is reported that the affiliation of the following courses have been withdrawn by the university after the last meeting of the senate held on 02.11.2024.

1) 2024–25 അദ്ധ്യയന വർഷം ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്ന പ്രകാരം ലോ കോളേജുകൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട് .

| No. | Name of College | U.O | Programme | Intake |
|---|---|---|---|---|
| 1 | KMM Law College, Thrikkakara, Ernakulam | No.11013/AC A1/2024/MGU dtd.06.12.2024 | 1. Five Year Integrated B.Com LL.B(Hons) | 60 |
| | | | 2. Three Year Unitary LLB | 60 |
| 2 | Ilahia Law College, Muvattupuzha, Ernakulam | No.971/AC A1/2025/MGU dtd.29.01.2025 | 1. Five Year Integrated BA LL.B(Hons) | 60 |
| | | | 2. Three Year Unitary LLB | 60 |
| 3 | Indira Gandhi Law College, Nellikuzhy, Kothamangalam | No.2151/AC A1/2025/MGU dtd.07.03.2025 | 1. Five Year Integrated B.Com LL.B(Hons) | 60 |
| | | | 2. Five Year Integrated BBA LL.B(Hons) | 60 |
| | | | 3. Three Year Unitary LLB | 60 |

2) മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ ലോ കോളേജായ Co-operative School of Law, Vengalloor, Thodupuzha-ൽ 2024-'25 അധ്യയനവർഷം മുതൽ ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്ന പ്രകാരം പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനായി ഉത്തരവായിട്ടുണ്ട് . (ഉത്തരവ് നമ്പർ . 1974/AC A1/2025/MGU തീയതി 04.03.2025)

| No. | Name of Programme | Number of Seats |
|---|---|---|
| 1 | Three Year Unitary LL.B | 60 |
| 2 | Five Year Integrated B.A. LL.B(Honors) | 60 |

3) എയ്ഡഡ് / ഗവ ആർട്സ് & സയൻസ് കോളേജുകളിൽ പുതിയ കോളേജ് , കോഴ്സുകൾ ആരംഭിച്ചിട്ടുള്ളതല്ല .
നിർത്തലാക്കിയ പ്രോഗ്രാമുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| **College** | **Programme** | **U.O** | **Remarks** |
|---|---|---|---|
| KE College Mannanam | M.Sc Mathematics | 9346/AC A1/2024/MGU Dated17/10/2024 | Ceased |
| BPC Piravom | M.Sc Electronics | 11265/AC A1/2024/MGU Dated12/12/2024 | Ceased |
| KG college Pampady | M.Sc Physics & B.A English Language and Literature | 11120/AC A1/2024/MGU Dated10/12/2024 | Ceased |
| St. Aloysius, Edathua | MA English | 9347/AC A1/2024/MGU Dated17/10/2024 | Ceased |
| Pavantma Murikassery | M.Sc Mathematics | 9272/AC A1/2024/MGU Dated16/10/2024 | Ceased |
| St. George Aruvithura | M.Sc Mathematics | 500/AC A1/2025/MGU Dated 20/01/2024 | Ceased |

4) അഫിലിയേഷൻ  നൽകിയ കോളേജുകളുടെ വിവരങ്ങൾ    ചുവടെ ചേർത്തിരിക്കുന്നു .

| SL NO | NAME OF COLLEGE | PROGRAMME | intake | UO |
|---|---|---|---|---|
| 1 | Ave Stella Maris College Ramamangalam,P O,Ernakulam | BCom(Hons) Logistics Management and Accounting | 60 | 11096/AC A7/2024/MGU dated.9.12.2024 |
| | | BCom (Hons) E-commerce and Data Science | 60 | |
| | | M A HRM | 20 | |
| 2 | Rawther College of Arts and Science,Kozhenchery,Pathana | BA (Hons) Cultural Studies and Film Studies | 24 | 225/AC A7/2025/MGU |

| | | | | |
|---|---|---|---|---|
| | | BBA (Hons) | 40 | |
| | | Bcom (Hons) Co-operation Finance and Taxation | 40 | |
| 3 | St.Gregorious College of Social Sciences,Parumala | MSW (Medical Psychiatry) | 25 | |
| 4 | St.Joseph's Institute of Hotel Management and Catering Technology,Pala | Bachelor of Hotel Management | 180 | |

5) സസ്പെൻഡ് ചെയ്തിട്ടുള്ളതും അഫിലിയേഷൻ നിർത്തലാക്കിയതുമായ കോഴ്സുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| NO | DDFS FILE NO | NAME OF THE COLLEGE | PROGRAMMES (UG &PG) | no of seats | year of suspension | year of restarting | year of ceasing | UO |
|---|---|---|---|---|---|---|---|---|
| 1 | 83867/ AC A7-3/2024 | St Thomas Arts and Science College Puthencruz | 1.B Com Model II Computer Application | 40 | | | 2021-2022 | 555/AC A7/2025/ MGU dated:21.01.2025 |
| | | | 2. B Com Model II Finance and Taxation | 40 | | | | |
| 2 | 88356/ AC A7-3/2024 | St. Joseph's Academy of Higher Education and Research , Arakkulam P.O, Idukki. | B Com Model II Logistics Management | 40 | | | 2024-25 | 11282/ac a7/2024 dated 12.12.2024 |
| | | | B. Com model II Computer Applications | 40 | | | | |
| | | | B. Com model I Computer Applications | 40 | | | | |
| | | | B Com Model I Co-Operation | 40 | | | | |
| 3 | 102483/AC A7- | St.Thomsa college | Bsc Geology Model I | 24 | | | 2024-25 | 11149/AC A7/2024/ MGU |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 3/2024 | Thavalappara,Konni | | | | | | dated:10.12.2024 |
| 4 | 104968/AC A7-3/2024 | SCMS School of Technology and Management Muttom, Aluva | B Sc (Honours) Botany and Biotechnology (Double Major) | 24 | | | 2025-26 | 11143/AC A7/2024/ MGU dated 10.12.2024 |
| 5 | 90669/AC A7-3/2024 | Sree Narayana arts and science Kedamangalam | BBA | 60 | 2024-2025 | 2025-2026 | | 11162/AC A7/2024 dated:10.12.2024 |
| | | | BCA | 40 | | | 2024-25 | |
| 6 | 42133/AC A7-3/2024 | Sree Narayana Guru Studies Pathanamthitta | Bcom MII | 60 | | | 2024-25 | 11284/AC A7/2024 dated.12.12.2024 |
| | | | BA SOCIOLOGY | 60 | | | | |
| | | | Bcom MII | 60 | | | | |
| 7 | 106459/AC A7-3/2024 | Bhavans College, Kakkanad | BCOM FINANCE AND TAXATION | 40 | | | 2024-25 | 906/AC A7/2024 dated.28.01.2025 |
| | | | Bcom accounting | 40 | | | | |
| | | | BBA | 40 | | | | |
| | | | BA ENGLISH FILM STUDIES AND CULTURAL STUDIES | 24 | | | | |
| | | | Mcom Finance and Taxation | 20 | | | | |
| 8 | 132667/AC A7-1/2024 | Presentation College Puthenvelikkara | Bcom (Hons) Marketing | | | | 2024-25 | 847/AC A7/2025/ MGU |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 9 | 122141/AC A7-1/2024 | Mar Gregorios Abdul Jaleel College N.Paravur | BA (Hons) english Media Studies | | | | 2024-2025 | 846/AC A7/2025/ MGU |
| 10 | 99529/ AC A7-1/2024 | HM Arts and Science College Randakkara | Mcom Finance and Taxation | | | | 2024-2025 | 11186/AC A7/2024/ MGU dtd:10.12.24 |
| 11 | 8988/ AC A7-1/2024 | Ilahiya College, Muvattupuzha | Bsc Electronics | | 2023 - 2024 | 2024 -205 | | 11289/AC A7/2024/ MGU dtd:12.12.24 |
| | | | Bsc Physics | | | | | |
| | | | Bsc Chemistry | | | | | |
| | | | MSc Electronics | | | | | |
| | | | MSc Physics | | | | | |
| | | | MSc Computer Science | | | | | |
| | | | Mcom Marketing | | | | | |
| | | | MA Economics | | | | | |
| 12 | 112473/AC A7-1/2024 | Girideepam Institute of Advanced Learning ,Vadavathoor | BSc Cyber Forensics | | 2024 - 2025 | 2025 - 2026 | | 1152/AC A7/2024/ MGU dtd:03.02.2025 |
| 13 | 126529/AC A7-1/2024 | HDPY College of Arts and Science North Paravoor | Bcom (Hos)Finance and Taxation | | 2024 - 2025 | 2025 - 2026 | | 851/AC A7/2024/ MGU dtd:27.01.2025 |
| | | | BA Economics | | | | | |
| 14 | 100645/AC | De Paul Institute | BSc Psychology(Hon | | 2024 - | 2025 - | | 1117/AC A7/2024/ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | A7-1/2024 | Of Science and Technology,Angamaly | s) | | | | | |
| | | | BSc Hotel Management and Culinery Arts | | 2025 | 2026 | | MGU dtd:10.12.2024 |
| 15 | 53388/AC A7-1/2024 | Ave Stella Maris College Kothamangalam | Bcom Computer Science | | 2024-2025 | | | 1185/aca7/2024/mgu dtd.10.12.2024 |
| | | | Bcom Finance & Taxation | | | | | |
| 16 | 158528/AC A7-1/2024 | St.Marys College Thuruthyply | Bcom M-1 Co-operation | 40 | 2023-2024 | 2024-2025 | | 3030/aca7/2024/mgu dated.04.04.2024 |
| | | | Mcom Marketing and International Business | 12 | | | | |
| | | | MSc Computer Science | 15 | | | | |
| 17 | 161322/AC A7-1/2024 | Sree Narayana arts and science Kedamangalam | BSc Computer Science MIII | 60 | 2024-2025 | 2025-2026 | | 4866/aca7/2024/mgu dated 06.06.2024 |
| | | | MSc Computer Science | 16 | | | 2024-2025 | |
| 18 | 4785 | St.George Vazhakkulam | BA English Language and Literature MI | | 2023-2024 | 2024-2025 | | 3013/aca7/2024/mgu dated.04.04.2024 |
| | | | Mcom Finance and Taxation | | | | 2023-2024 | |
| 19 | 4276 | BVM Holy Cross College Cherpunkal | BA Multimedia | 40 | | | 2024-25 | 3139/aca7/2024/mgu dated.8.4.2024 |
| | | | Bcom M2 Computer Application | 60 | | | | |
| | | | MSc Computer Science | 25 | | | | |
| 20 | 5742 | Bharata Mata College Choondy | BA English Literature and Communication Studies | 24 | | | 2024-2025 | 3137/ACA7/2024/mgu dated 8.4.2024 |
| | | | Mcom Finance | 20 | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | and Taxation | | | | | |
| 21 | 27341 | College of Arts And Commerce,Chuttippara | Bcom Computer Application | 50 | | | 2024-2025 | 4680/ ACA7/2024/mgu dated 3.6.2024 |
| | | | Bcom Finance & Taxation | 50 | | | | |
| 22 | 31766 | St .Joseph's College of Communication, Moolamattom | Bcom M1 Co-opn | 40 | | | 2024-2025 | 4818/ ACA7/2024/mgu dated.5.6.24 |
| 23 | 28796 | St Antony's College Peruvanthanam | Bsc Mathematics Mi | 24 | | | 2023-24 | 4657/ ACA7/2024/mgu dated 3.6.24 |
| 24 | 28793 | St Antony's College Peruvanthanam | BA English Language and Literature MI | 60 | 2023-2024 | 2024-25 | | 4665/ ACA7/2024/mgu dated 3.6.2024 |
| | | | Mcom Marketing and International Business | 20 | | | | |
| 25 | 37124 | DC School of Management and Technology,Vagamon | Bcom MI Finance and Taxation | 40 | | | 2024-2025 | 4785// ACA7/2024/mgu dated 5.6.24 |
| | | | BSc Psychology MI | 24 | | | | |
| 26 | 42298 | SNDP Yogam Arts & Science College, Kizhakkumpura | Mcom Finance and Taxation | 15 | | | 2024-2025 | 6853/ ACA7/2024/mgu dated 26.7.2024 |
| | | | Bcom MII Finance and Taxation | 40 | | | | |
| | | | BA English Language and | 40 | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | m | Literature MII<br>Bcom MI Computer Applications | <br>40 | | | | |
| 27 | 44346 | Jai Bharath Arts & Science College Vengola | MSc Data Analytics | 12 | | | 2023-24 | 6972/ ACA7/2024/mgu dated30.7.2024 |
| 28 | 44988 | St Thomas College of Advanced Studies Edamury | Bcom M2 Logistics Management<br>Bcom M2 Finance and Taxation | 40<br>40 | | | 2024-25 | 6852/ ACA7/2024/mgu dated 26.7.24 |
| 29 | 50101 | School of Applied Life Science, Pathanamthitta | MSc Fishery Biology And Aquaculture | | | | 2024-25 | 6934/ ACA7/2024/mgu dated 29.7.24 |
| 30 | 50034 | Toms College of Arts and Science, Mattakkara | BBA<br>BCA<br>Bcom MI Finance and Taxation | | 2023-24 | 2024-25 | | 9353/ ACA7/2024/mgu dated 17.10.2024 |
| 31 | 48140 | Holy Cross Puttady | BA English | | 2024-25 | | | 9455/ ACA7/2024/mgu dated 19.10.24 |
| 32 | 48160 | Bhavans College, Kakkanad | Mcom Finance and Taxation | | 2023-24 | 2024-25 | | 6908/ ACA7/2024/mgu dated 29.7.24 |
| 33 | 48061 | College | Bsc Electronics | | | | 2024- | 6973/ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | of Applied Science Puthuppally | | | | | 2025 | ACA7/2024/mgu dated 30.7.24 |
| 34 | 51380 | Arafa College Pizhekkeppally | BBA<br>BSW<br>Mcom | | 2023-24 | 2024-25 | | 6909/ ACA7/2024/mgu dated 29.7.24 |
| 35 | 51378 | Arafa College Pizhekkeppally | MA English<br>BA Economics<br>BSc Computer Science MIII | | | | 2024-25 | 6976/ ACA7/2024/mgu dated 30.7.24 |
| 36 | 50105 | HDPY College of Arts and Science North Paravoor | BA Economics | | 2023-24 | 2024-25 | | 6974/ ACA7/2024/mgu dated 30.7.24 |
| 37 | 53559 | Viswabrahmana college Vechoochira | BBA | | | | 2024-25 | 6932/ ACA7/2024/mgu dated 29.7.24 |
| 38 | 56377 | Yeldo Mar Baselius College, | Mcom Finance and Taxation | 2 batch(50) | | | 2024-25 | 6965/ ACA7/2024/mgu dated 30.7.24 |
| 39 | 62417 | St Thomas College of Advanced Studies Edamury | Mcom Finance and Taxation | 15 | 2023-24 | 2024-25 | | 9372/ ACA7/2024/mgu dated 17.10.2024 |
| 40 | 74446 | St Joseph's Academ | Mped | | | | 2024-25 | 9376/ ACA7/2024/mgu |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | y of Higher Education and | | | | | | dated 17.10.2024 |
| 41 | 42135 | Sree Narayana Guru College of Advanced Studies, Pambanar | Bcom MII Finance and Taxation | 40 | | | 2024-25 | 9460// ACA7/2024/mgu dated 19.10.24 |
| | | | Bcom M2 Computer Application | 40 | | | | |
| | | | BA English Language and Literature | 40 | | | | |
| | | | BA History | 40 | | | | |
| | | | BA Political Science | 40 | | | | |
| | | | BSc Physics | 24 | | | | |
| | | | BBA | 30 | | | | |
| 42 | 138039 | Al Azar College of Arts and Science | BSc Chemistry | 40 | 2024-25 | 2025-26 | | 2540/ ACA7/2025 dated 17.03.2025 |
| 43 | 139073 | Jawaharlal Nehru Institute of Arts and Science , Balgram | BA Animation and Graphic Design | | 2024-25 | 2025-26 | | 2543/ ACA7/2025 dated 17.08.2025 |
| 44 | 138042 | Al Azar College of Arts and Science | Bsc Geology Model I | | | | 2024-25 | 2543/ ACA7/2025 dated 17.08.2025 |
| | | | MSc Physics | | | | | |
| | | | MA English | | | | | |
| | | | MTTM | | | | | |
| | | | Mcom Finance and Taxation | | | | | |
| | | | Mcom Marketing and International | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | Business | | | | | |
| 45 | 138536 | St Marys College of Management and Studies, Thuruthyply | Bcom Marketing | 55 | 2024-25 | 2025-26 | | 2523/ ACA7/2024/mgu dated 17.3.2025 |
| | | | MSc Computer science | 15 | | | | |
| | | | Mcom Finance and Taxation | 1 batch (25seats) | | | | |
| | | | BSW | 40 | | | | |
| | | | BA English Language and Literature MI | 40 | | | 2024-25 | |
| | | | Mcom Marketing and International Business | 12 | | | | |
| | | | Mcom Finance and Taxation | 1 batch (25seats) | | | | |
| 46 | 133272 | De Paul Institute Of Science and Technology,Angamaly | BA English Media Studies | | | | 2024-25 | 2539/ ACA7/ MGU dated 17.03.2025 |
| 47 | 144397 | Mar Athanasios College for Advanced Studies(MACFAST) Thiruvalla | MSc Bio Chemistry | 20 | | | 2025-2026 | 2532/ ACA7/2025 17.03.2025 |

## III. സെനറ്റ് അംഗങ്ങൾ അവതരിപ്പിക്കുന്ന വിഷയങ്ങൾ:

**(അംഗങ്ങൾ നൽകിയിട്ടുള്ള പ്രമേയങ്ങൾ)**

**ഡോ. ഷിബു എം ജോർജ്**

1) നിലവിൽ സർവ്വകലാശാല UG വിദ്യാർത്ഥികൾക്ക് നൽകിവരുന്ന MOOC ഓർഗാനിക് ഫാർമിങ് കോഴ്സുകൾക്ക് പകരമായി ഭരണഘടന, മനുഷ്യ അവകാശങ്ങൾ, പരിസ്ഥിതി എന്നിവയിൽ അവബോധം വളർത്തുന്ന MOOC കോഴ്സുകൾ ആരംഭിക്കുവാൻ ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. സുബിൻ വർഗ്ഗീസ് പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ഡോ. ലിബിൻ കുര്യാക്കോസ്**

2) സർവ്വകലാശാലയുടെ മേൽനോട്ടത്തിൽ നടത്തുന്ന പരീക്ഷകളുടെ മൂല്യനിർണയം വേഗത്തിൽ പൂർത്തിയാക്കുന്നതിനും പ്രസ്തുത പരീക്ഷകളുടെ മാർക്കുകൾ ഒ.ബി.ഇ അടിസ്ഥാനമുള്ളതാക്കി മാറ്റുന്നതിനു വേണ്ടിയും സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി പരീക്ഷാ മൂല്യനിർണയത്തിനായി പുതിയ സംവിധാനങ്ങൾ ഒരുക്കണമെന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. ഡോ. സനിൽകുമാർ എം ജി പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ഡോ. മഞ്ജുഷ കെ എ**

3) PM –USHA സ്കീമിന്റെ ഭാഗമായി മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് അനുവദിക്കപ്പെട്ടിട്ടുള്ള തുക താരതമ്യേന കുറവായ സാഹചര്യത്തിൽ plan fund കൂടുതൽ ലഭ്യമാക്കി പദ്ധതി നടത്തിപ്പുകൾ സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

ഡോ. ബിജു എം കെ പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ഡോ. ബിജു എം കെ**

4) സർവ്വകലാശാലാ അധ്യാപകരുടെ CAS പ്രൊമോഷനുമായി ബന്ധപ്പെട്ട് കാലതാമസം നേരിടുന്നതായി കാണുന്നു. FMS അടക്കമുള്ള കാര്യങ്ങൾ അധ്യാപകർക്ക് സൗകര്യപ്രദമായി കാണുന്നില്ല. അതിനാൽ പ്രമോഷൻ നടപടികൾ ത്വരിതപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കണം എന്ന് സർവ്വകലാശാലയോട് അഭ്യർത്ഥിക്കുന്നു.

പ്രൊഫ. നൗഷാദ് പി പി പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ശ്രീ. സജിത്ത് ബാബു എസ്**

5) കേരള സംസ്ഥാനത്തു പ്രൈവറ്റ് യൂണിവേഴ്സിറ്റികൾക്ക് പ്രവർത്തനാനുമതി നൽകുന്നതിനുള്ള സംസ്ഥാന മന്ത്രിസഭാ തീരുമാനം ഉണ്ടായതിനാൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സർവ്വകലാശാലയുടെ ആശങ്കകൾ സംസ്ഥാന സർക്കാരിനെ അറിയിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

മതിയായ പിൻതുണയില്ലാത്തതിനാൽ പ്രമേയം സഭ നിരസിച്ചു.

**ശ്രീ. സുബിൻ വർഗ്ഗീസ്**

6) കൂടുതൽ അന്താരാഷ്ട്ര വിദ്യാർത്ഥികളേയും അന്യ സംസ്ഥാന വിദ്യാർത്ഥികളേയും MG Unuversity –യിലേക്ക് കൊണ്ടുവരേണ്ടതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

ഡോ. ബിജു എം കെ പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ഡോ. ലിബൂസ് ജേക്കബ് ഏബ്രഹാം**

7) അധ്യാപകർക്ക് സ്വന്തം നിലയിൽ സ്റ്റാർട്ട് അപ്പുകൾ തുടങ്ങുന്നത് സംബന്ധിച്ച്, 03.08.2023 –ൽ സർവ്വകലാശാല പുറപ്പെടുവിച്ച U/o 8614/AD A1/2023/MGU ഉത്തരവിൽ വ്യക്തത വരുത്തണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

ശ്രീ. ടിറ്റു തോമസ് പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ശ്രീ. മുഹമ്മദ് സഫാൻ**

8) സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ ഹോസ്റ്റൽ വിദ്യാർത്ഥികളുടെ താമസം സുഗമമാക്കാൻ ഡിപ്പാർട്ട്മെന്റ് –നോട് ചേർന്ന് പുതിയ ഹോസ്റ്റൽ സംവിധാനം ഉറപ്പാക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

കുമാരി. വൈഷ്ണവി ഷാജി പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ഡോ. സനിൽകുമാർ എം ജി**

9) എയ്ഡഡ് കോളേജുകൾ ഓട്ടോണമസ് കോളേജുകളായി മാറുമ്പോൾ അവിടങ്ങളിൽ പ്രവർത്തിച്ചിരുന്ന CV ക്യാമ്പുകൾ അവിടെ തന്നെ നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സർവ്വകലാശാല കൈക്കൊള്ളണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

ഡോ. ലിബിൻ കുര്യാക്കോസ് പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ഡോ. സനിൽകുമാർ എം ജി**

10) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ Inter-Collegiate കായിക മത്സരങ്ങൾക്ക് കാലോചിതമായ നടത്തിപ്പ് ചിലവ് വർദ്ധിപ്പിച്ച് നൽകിയ അധികാരികളെ യോഗം അനുമോദിക്കുന്നു.

ഡോ. ഷിബു എം ജോർജ് പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ശ്രീ. സജിത്ത് ബാബു എസ്**

11) സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന കോളേജുകളിലെ അദ്ധ്യാപകർ അപ്പ്രൂവൽ ,പ്രമോഷൻ, ഗൈഡ്ഷിപ്പ് എന്നിവയ്ക്കായി നൽകുന്ന അപേക്ഷകളുടെ പുരോഗതി ഓൺലൈനായി അറിയുന്നതിനുള്ള സംവിധാനം സർവ്വകലാശാല വെബ്സൈറ്റിൽ നൽകണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

ശ്രീ. ജോബിൻ മാത്യു പിൻതാങ്ങുകയും താഴെ പറയുന്ന ഭേദഗതികളോടുകൂടി പ്രമേയം സഭ അംഗീകരിക്കുകയും ചെയ്യുന്നു.

അധ്യാപകർ, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ എന്നിവർ സമർപ്പിക്കുന്ന അപേക്ഷകളുടെ പുരോഗതി ഓൺലൈൻ ആയി അറിയുന്നതിനുള്ള സംവിധാനം സർവ്വകലാശാല നടപ്പിലാക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

**ശ്രീ. സുബിൻ വർഗ്ഗീസ്**

12) വിവിധങ്ങളായ അന്താരാഷ്ട്ര റാങ്കിങ്ങുകളിൽ ഉന്നതമായ സ്ഥാനം ലഭിക്കുന്ന രീതിയിൽ മഹാത്മാഗാന്ധി സർവ്വകലാശാലയെ മികവിന്റെ പാതയിലേക്ക് നയിക്കുകയും അതിനുവേണ്ടി പ്രയത്നിക്കുകയും ചെയ്ത സർവ്വകലാശാലയുടെ അധികാരികളെയും അധ്യാപകരെയും ജീവനക്കാരെയും വിദ്യാർത്ഥികളെയും ഈ യോഗം അനുമോദിക്കുന്നു.

ശ്രീമതി. മായ എൻ പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ശ്രീ. ടിറ്റു തോമസ്**

13) Artificial Intelligence, Robotics, Data Science മേഖലകളിൽ ലോകമെമ്പാടുമുണ്ടാകുന്ന മുന്നേറ്റങ്ങൾ നമ്മുടെ വിദ്യാർത്ഥികൾക്കും പ്രാപ്തമാകേണ്ടതുണ്ട്. എന്നാൽ അഫിലിയേറ്റഡ് കോളേജുകളിൽ ഇത്തരം കോഴ്സുകൾ കൈകാര്യം ചെയ്യാനുള്ള പരിമിതികൾ ഉള്ളതിനാൽ സർവ്വകലാശാല ഈ വിധത്തിലുള്ള നൂതനമായ കോഴ്സുകൾ ആരംഭിക്കണമെന്ന് ഈ യോഗം സർവ്വകലാശാല അധികാരികളോട് ആവശ്യപ്പെടുന്നു.

ഡോ. ലിബൂസ് ജേക്കബ് എബ്രഹാം പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**<u>ശ്രീ. സജി തോമസ്</u>**

14) നിലവിൽ എയിഡഡ് കോളേജ് നോൺ ടീച്ചിങ് ജീവനക്കാർക്ക് പാർട്ട് ടൈം പഠനത്തിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ യൂണിവേഴ്സിറ്റി പി.എച്ച്ഡി റെഗുലേഷൻ അനുസരിച്ച് എയിഡഡ് കോളേജ് ജീവനക്കാരുടെ പിഎച്ച്ഡി പ്രവേശനം ലഭിക്കുന്നത് സംബന്ധിച്ച് പറയുന്നില്ല. ഈ മേഖലയിൽ മുമ്പ് അദ്ധ്യാപന പരിചയം ഉള്ളവരും പി.എച്ച് ഡി പ്രവേശനം ആഗ്രഹിക്കുന്നതുമായ നിരവധി പേര് ഉണ്ട്. വ്യവസ്ഥകൾക്കു വിധേയമായി സർക്കാർ ഇവരുടെ ആവശ്യം പരിഗണിച്ച് ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്. ആയതിനാൽ ഇത് പരിഗണിച്ച് സർക്കാർ ജീവനക്കാർക്കും വ്യവസായിക മേഖലകളിൽ ഉള്ളവർക്കും നിലവിൽ പി.എച്ച്ഡി ചെയ്യുന്നതിന് അനുവാദം ഉണ്ട്. ഈ കാര്യങ്ങൾ പരിഗണിച്ച് എയിഡഡ് കോളേജിലെ ജീവനക്കാർക്കും പി.എച്ച്ഡി ചെയ്യുന്നതിന് ഈ അക്കാഡമിക് വർഷത്തിൽ തന്നെ അനുമതി നൽകണമെന്ന് അധികാരികളോട് അഭ്യർത്ഥിക്കുന്നു.

ശ്രീ. ജോബിൻ മാത്യു പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**<u>ഡോ. ലിബൂസ് ജേക്കബ് ഏബ്രഹാം</u>**

15) MGU-UG Programme-ന്റെ ഭാഗമായി കുട്ടികളുടെ SKILL DEVELOPMENT സാധ്യമാകും വിധമുള്ള കൂടുതൽ സ്കിൽ എൻഹാൻസ്മെന്റ് കോഴ്സുകൾ ലഭ്യമാക്കണമെന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ശ്രീ. ടിറ്റു തോമസ് പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**<u>ഡോ. ഷിബു എം ജോർജ്</u>**

16) 2025-26 സാമ്പത്തിക വർഷം ഗാന്ധി മ്യൂസിയം സ്ഥാപിക്കുവാൻ ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയ സിൻഡിക്കേറ്റിനെയും സർവ്വകലാശാല അധികാരികളെയും അനുമോദിക്കുന്നു.

ഡോ. ലിബിൻ കുര്യാക്കോസ് പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**<u>ശ്രീമതി. മായ എൻ</u>**

17) B Voc കോഴ്സുകളുടെ പ്രവേശനത്തിൽ NSQF (LEVEL 3,4) certificate നേടിയവർക്ക് മുൻഗണന നൽകുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ശ്രീ. സുബിൻ വർഗ്ഗീസ് പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ശ്രീ. മുഹമ്മദ് സഫാൻ**

18) സർവ്വകലാശാല നോട്ടിഫിക്കേഷൻ പ്രകാരം കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് നടത്താൻ തയ്യാറാവാതെ വിദ്യാർത്ഥികളുടെ ജനാധിപത്യ വേദിയെ അട്ടിമറിക്കുന്ന കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജ് പ്രിൻസിപ്പാളിന്റെയും മാനേജ്മെന്റിന്റെയും സമീപനത്തിനെതിരെ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

കുമാരി വൈഷ്ണവി ഷാജി പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ശ്രീ. ടിറ്റു തോമസ്**

19) ഓട്ടോണോമസ് കോളേജുകളിൽ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികളുടെ വിവര ശേഖരണം കാര്യക്ഷമമായി നടത്താനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സർവ്വകലാശാല അധികാരികളോട് ഈ യോഗം ആവശ്യപ്പെടുന്നു.

ഡോ. ലിബൂസ് ജേക്കബ് എബ്രഹാം പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ഡോ. ഷിബു എം ജോർജ്**

20) യൂണിവേഴ്സിറ്റിയും പൊതു സമൂഹവും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢം ആക്കുന്നതിന്റെ ഭാഗമായി യൂണിവേഴ്സിറ്റിയുടെ ശാസ്ത്ര സാമൂഹിക മേഖലകളിൽ നേടിയ ഗവേഷണ നേട്ടങ്ങളും, കൂടുതൽ ഗവേഷണ ഇടപെടലുകളും നടത്തുന്നതിലേക്കായി ഫണ്ട് വകയിരുത്തണമെന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. സനിൽകുമാർ എം. ജി പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ശ്രീ. ടിറ്റു തോമസ്**

21) അധ്യയന വർഷം ആരംഭത്തിൽ പ്രസിദ്ധീകരിച്ച സർവ്വകലാശാല കലണ്ടർ അനുസരിച്ച് തന്നെ കുറ്റമറ്റ രീതിയിൽ, നടപടി ക്രമങ്ങൾ എല്ലാം പാലിച്ചു സമയ ബന്ധിതമായി പരീക്ഷകൾ നടത്തി, മറ്റ് സർവ്വകലാശാലകൾക്ക് മാതൃകയായിത്തീർന്ന മഹാത്മാഗാന്ധി സർവ്വകലാശാല പരീക്ഷാ വിഭാഗത്തെ ഈ യോഗം അഭിനന്ദിക്കുന്നു.

ശ്രീ. ഉണ്ണി എം എസ് പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ശ്രീമതി. മായ എൻ**

22) ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഹയർ സെക്കൻഡറി (എൻ എസ് ക്യൂ എഫ്) പഠനം പൂർത്തിയാക്കിയ കുട്ടികൾ അപേക്ഷിക്കുമ്പോൾ എം.ജി. സർവ്വകലാശാലയുടെ അഡ്മിഷൻ പോർട്ടലിൽ എൻ എസ് ക്യൂ എഫ് (വൊക്കേഷണൽ സ്കീം ) കോഴ്സുകൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. എച്ച് എസ് എസ് -ന് തത്തുല്യമായ 1200 മാർക്കിൽ തന്നെയാണ് V H S E (N S Q F) പരീക്ഷ എങ്കിലും വൊക്കേഷണൽ വിഷയങ്ങളുടെ മാർക്കുകൾ INDEX മാർക്ക് കണക്കാക്കുമ്പോൾ ഉൾപ്പെടുത്താറില്ല ആയതിനാൽ ഈ കുട്ടികൾ റാങ്കിങ്ങിൽ വല്ലാതെ പിന്നോക്കം പോകുന്ന സാഹചര്യമുണ്ട്. ഈ കാര്യങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ മാറ്റങ്ങൾ അഡ്മിഷൻ പോർട്ടലിൽ വരുത്തണമെന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. ഷിബു എം ജോർജ് പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ഡോ. സജ്ജ മാത്യു**

23) എം.ജി. സർവ്വകലാശാലയിൽ നിന്ന് ഓരോ അധ്യയന വർഷവും പി.എച്ച്ഡി ലഭിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ബിരുദ ദാനചടങ്ങ് സമയബന്ധിതമായി നടത്തണമെന്ന് ആവശ്യപ്പെടുന്നു.

ഡോ. സജിത്ത് ബാബു എസ് പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**പ്രൊഫ. നൗഷാദ് പി പി**

24) സർവ്വകലാശാല കാമ്പസിൽ SBI കൂടാതെ മറ്റേതെങ്കിലും ബാങ്കുകളുടെ ബ്രാഞ്ച് അല്ലെങ്കിൽ Extension Counter തുടങ്ങുവാൻ സർവ്വകലാശാല പരിഗണിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. ബിജു എം കെ പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ശ്രീ. ഉണ്ണി എം എസ്**

25) 2025 -ലെ കേരള ബഡ്ജറ്റിൽ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ വികസനങ്ങൾക്കായി 62 കോടി രൂപ വകയിരുത്തിയ സർക്കാരിന് ഈ യോഗം അഭിനന്ദനങ്ങൾ അറിയിക്കുന്നു.

ശ്രീ. ടിറ്റു തോമസ് പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ഡോ. ലിബിൻ കുര്യാക്കോസ്**

26) ഇന്ത്യയിലെ ഗവേഷണ രംഗത്തെ പ്രസിദ്ധീകരണങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് വേണ്ടി യുജിസി നടപ്പിൽ വരുത്തിയിരുന്ന കെയർ ലിസ്റ്റ് സംവിധാനം

നിർത്തലാക്കാൻ എടുത്ത തീരുമാനം പിൻവലിക്കണമെന്ന് ഈ യോഗം യുജിസിയോട് ആവശ്യപ്പെടുന്നു.

ഡോ. ഷിജു എം ജോർജ് പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ശ്രീമതി. മായ എൻ**

27) ബിരുദ പ്രവേശനത്തിനുള്ള പോർട്ടലിൽ കഴിഞ്ഞ തവണ കുട്ടികൾക്ക് കോളേജ് ലിസ്റ്റ് ചെയ്തു specialisation അനുസരിച്ച് മാത്രമാണ്, അതിനു പകരം മേജർ കോഴ്സ് സെലക്ട് ചെയ്യുമ്പോൾ തന്നെ അതത് മേജർ ഉള്ള എല്ലാ കോളേജുകളും list ചെയ്താൽ കൂടുതൽ ഓപ്ഷൻസ് കൊടുക്കാൻ ഉള്ള സാധ്യത കുട്ടികൾക്ക് ലഭിക്കുമെന്നതിനാൽ, വരും വർഷങ്ങളിൽ ആയതിനു വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് ഈ പ്രമേയത്തിലൂടെ സർവ്വകലാശാലയാട് ആവശ്യപ്പെടുന്നു.

ശ്രീ. സുബിൻ വർഗ്ഗീസ് പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ഡോ. ബിജു എം കെ**

28) സർവ്വകലാശാലയിലേക്ക് രാത്രി യാത്രാ സൗകര്യങ്ങൾ കുറവാണ് . അതിനാൽ രാത്രി എം സി റോഡ് വഴി പോകുന്ന KSRTC ബസുകളിൽ ചിലത് (മണിക്കുറിൽ ഒന്ന് എങ്കിലും) അതിരമ്പുഴ- യൂണിവേഴ്സിറ്റി- മെഡിക്കൽ കോളേജ്- ചുങ്കം വഴി തിരിച്ചുവിട്ടാൽ ഈ ഭാഗങ്ങളിൽ താമസിക്കുന്നവർക്കും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഉപകാരമാകും ഇതിന് സർവ്വകലാശാല KSRTC യുമായി ബന്ധപ്പെടണം എന്ന് അഭ്യർത്ഥിക്കുന്നു.

പ്രൊഫ. നൗഷാദ് പി പി പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ശ്രീ. സുരേഷ് എം എസ്**

29) 2025 -ൽ പ്രഖ്യാപിച്ച സംസ്ഥാന ബഡ്ജറ്റിൽ സർവ്വകലാശാലയ്ക്ക് നോൺ പ്ലാൻ ഫണ്ടിൽ 2% വർദ്ധനവാണ് പ്രഖ്യാപിച്ചിരിക്കുന്നത്. ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻകാരുടെയും ശമ്പള - പെൻഷൻ പരിഷ്കരണ കുടിശ്ശികയും, ഡി.എ - ഡി.ആർ കുടിശ്ശികയും ഉൾപ്പെടെ നൽകേണ്ട സാഹചര്യമുള്ളതിനാൽ ഈ വർദ്ധനവ് പര്യാപ്തമല്ല. ആയതിനാൽ നോൺ പ്ലാൻ ഫണ്ടിൽ 10% വർദ്ധനവ് അനുവദിക്കണമെന്ന് സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു.

ഡോ. ഷിബു എം ജോർജ് പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ശ്രീ. ഉണ്ണി എം എസ്**

30) കേരളത്തിലെ സർവ്വകലാശാലകളിൽ Outcome Based Attainment Level ഉൾപ്പെടുത്തി ആദ്യമായി വിദ്യാർത്ഥികളുടെ റിസൽട്ട് പ്രസിദ്ധീകരിച്ച മഹാത്മാഗാന്ധി

സർവ്വകലാശാലക്കും ആയതിലേക്കു മുൻ നിരയിൽ നിന്നും പ്രവർത്തിച്ചവർക്കും ഈ യോഗം അഭിനന്ദനങ്ങൾ അറിയിക്കുന്നു.

ശ്രീ. ടിറ്റു തോമസ് പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**കുമാരി. വൈഷ്ണവി ഷാജി**

31) 22 മാസക്കാലമായി മുടങ്ങിക്കിടക്കുന്ന പി.എച്ച്ഡി വിദ്യാർത്ഥികളുടെ യൂണിവേഴ്സിറ്റി ഫെലോഷിപ്പ് അടിയന്തിരമായി കുടിശ്ശിക തീർത്ത് നൽകണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

ശ്രീ. സിബിൻ എൽദോസ് പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ശ്രീ. സുരേഷ് എം എസ്**

32) സർവ്വകലാശാല ക്യാമ്പസിലെ വിദ്യാർത്ഥികളുടെ ശാരീരിക ക്ഷമതയും മാനസിക ആരോഗ്യവും മെച്ചപ്പെടുത്തുന്നതിനായി ക്യാമ്പസിൽ വിവിധ കായിക ഇനങ്ങൾ പരിശീലിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ഡോ. ഷിജു എം ജോർജ് പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ശ്രീ. സുബിൻ വർഗ്ഗീസ്**

33) FYUGP നടപ്പിലാക്കിയപ്പോൾ NSS, NCC, Sports, Culture എന്നീ മേഖലകളിൽ നൽകി വരുന്ന Grace mark കണക്കാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ എത്രയും വേഗം പൂർത്തിയാക്കണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

ശ്രീമതി. മായ എൻ പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ഡോ. ലിബിൻ കുര്യാക്കോസ്**

34) സർവ്വകലാശാലയുടെ വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഇൻഷുറൻസ് പദ്ധതിയുടെ പരിരക്ഷ കൂടുതൽ വിദ്യാർത്ഥികൾക്ക് ഫലപ്രദമായും കൃത്യസമയത്തും ഉപയോഗിക്കുന്നതിന് വേണ്ടി അതുമായി ബന്ധപ്പെട്ട അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിന് ഓൺലൈൻ പോർട്ടൽ സംവിധാനം ലഭ്യമാക്കണമെന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. സനിൽകുമാർ എം ജി പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ഡോ. സനിൽകുമാർ എം ജി**

35) FYUGP നിലവിൽ വന്നപ്പോൾ അദ്ധ്യാപകരുടെ Workload –ആയി ബന്ധപ്പെട്ട് നിൽക്കുന്ന ആശങ്കകൾ പരിഹരിക്കണമെന്ന് സർവ്വകലാശാലയോടും സംസ്ഥാന സർക്കാരിനോടും യോഗം ആവശ്യപ്പെടുന്നു.

ഡോ. ഷിബു എം ജോർജ് പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ഡോ. സജു മാത്യു**

36) പ്രശസ്തരായ വ്യക്തികളുടെ പേരിൽ എം.ജി. സർവ്വകലാശാലയിൽ സ്ഥാപിതമായിരിക്കുന്ന ചെയറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ഡോ. സജിത്ത് ബാബു എസ് പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ശ്രീ. സജിത്ത് ബാബു എസ്**

37) അസ്സോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികയിൽ ജോലിചെയ്യുന്ന കോളേജ് അധ്യാപകരുടെ ഡയറക്റ്റ് ടീച്ചിങ് വർക്ക് ലോഡ് യു ജി സി റെഗുലേഷൻസ് പ്രകാരം ആഴ്ചയിൽ 14 മണിക്കൂറായി ക്രമീകരിച്ചു ഉത്തരവാകണമെന്ന് സംസ്ഥാന സർക്കാരിനോട് ഈ സഭ ആവശ്യപ്പെടുന്നു.

ഡോ. സജു മാത്യു പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ഡോ. മഞ്ജുഷ കെ എ**

38) മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൾട്ടി ഡിസിപ്ലിനറി പ്രോഗ്രാംസ് ഇൻ സോഷ്യൽ സയൻസസിലെ വിദ്യാർത്ഥികൾ അവരുടെ ബിരുദ പഠനത്തിനുശേഷം ബിരുദാനന്തര ബിരുദപഠനത്തിനായി സർവ്വകലാശാലാ കാമ്പസിന്റെ പഠനവകുപ്പുകളിൽ ചേരുന്ന സാഹചര്യത്തിൽ ടി വിദ്യാർത്ഥികളുടെ ഫീസ് അതാത് പഠനവകുപ്പുകളിലെ ഫീസിനു തുല്യമാക്കി അനുവദിച്ചു നൽകണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

പ്രൊഫ. നൗഷാദ് പി പി പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**പ്രൊഫ. നൗഷാദ് പി പി**

39) Graduale School –ലെ വിദ്യാർത്ഥികൾക്കായി ഒരു പ്രത്യേക ഹോസ്റ്റൽ പണിയുന്നതിന് സർക്കാരിനോട് ധനസഹായം ആവശ്യപ്പെടുന്നതിന് സർവ്വകലാശാലയോട് അഭ്യർത്ഥിക്കുന്നു.

ശ്രീ. സുരേഷ് എം എസ് പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ശ്രീ. സുരേഷ് എം എസ്**

40) മെഡിക്കൽ, എൻജിനീയറിംഗ്, വിദൂര വിദ്യാഭ്യാസ പ്രോഗ്രാമുകൾ നിയമസഭ പാസ്സാക്കിയ ബിൽ മൂലം സർവ്വകലാശാലയ്ക്ക് നടത്താൻ സാധിക്കുതയില്ല. സ്വകാര്യ സർവ്വകലാശാലകൾ കടന്നുവരുന്നതോടുകൂടി ഉന്നതവിദ്യാഭ്യാസ മേഖല കൂടുതൽ മത്സരാധിഷ്ഠിതമാകുന്ന സാഹചര്യം രൂപപ്പെടുകയാണ്. നിലവിൽ സ്വകാര്യ സർവ്വകലാശാലകൾക്ക് എല്ലാ പ്രോഗ്രാമുകളും നടത്തുവാൻ സാധിക്കുന്ന തരത്തിലാണ് സ്വകാര്യ സർവ്വകലാശാല കരട് ബില്ല് – 2025 സർക്കാർ മുന്നോട്ട് വച്ചിരിക്കുന്നത്. ആയതിനാൽ മെഡിക്കൽ – എൻജിനീയറിംഗ് – വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നതുമായി ബന്ധപ്പെട്ട് സർവ്വകലാശാലകൾക്ക് മേൽ ഏർപ്പെടുത്തിയിട്ടുള്ള നയന്ത്രണം പിൻവലിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുന്നു.

ഡോ. മഞ്ജുഷ കെ എ പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**കുമാരി. വൈഷ്ണവി ഷാജി**

41) എം.ജി. സർവ്വകലാശാലയ്ക്ക് കീഴിലുള്ള School of Indian Legal Thought –ലെ അഡ്മിഷനുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവേശന പരീക്ഷയുടെ അഡ്മിഷൻ സമയത്ത് ഏർപ്പെടുത്തിയിട്ടുള്ള 21 വയസ്സ് എന്നുള്ള പ്രായപരിധി എടുത്ത് കളയണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

പ്രായപരിധി എടുത്തുകളഞ്ഞിട്ടുള്ളതായി ബഹുമാനപ്പെട്ട അദ്ധ്യക്ഷൻ സഭയെ അറിയിച്ചു.

**ഡോ. ബിജു എം കെ**

42) ഗവേഷക ഹോസ്റ്റലിലെ സൗകര്യങ്ങൾ വളരെ കുറവാണ് എന്നത് ഗവേഷണത്തെ ബാധിയ്ക്കുന്ന വിഷയമായതിനാൽ ഗവേഷക ഹോസ്റ്റൽ സൗകര്യങ്ങൾ വർദ്ധിപ്പിയ്ക്കാൻ സർവ്വകലാശാല നടപടികൾ എടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. സിബിൻ എൽദോസ് പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ഡോ. ലിബൂസ് ജേക്കബ് ഏബ്രഹാം**

43) സംസ്ഥാനത്തെ എല്ലാ ഗവേഷണ വിദ്യാർത്ഥികൾക്കും ഫെലോഷിപ്പുകൾ ലഭിക്കണമെന്നുള്ള നിശ്ചയദാർഢ്യത്തോടുകൂടി ഏതെങ്കിലും തരത്തിലുള്ള ഫെലോഷിപ്പുകൾ ലഭിക്കുന്നില്ലാത്ത എല്ലാ വിദ്യാർത്ഥികൾക്കും 10000 രൂപ പ്രതിമാസം ഫെലോഷിപ്പായി നൽകുന്നതിനുള്ള പദ്ധതി ഈ വർഷത്തെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച കേരളസർക്കാരിനെ ഈ യോഗം അനുമോദിക്കുന്നു.

ശ്രീ. സിബിൻ എൽദോസ് പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**12.33 p m -ന് യോഗം അവസാനിച്ചതായി അദ്ധ്യക്ഷൻ സഭയെ അറിയിച്ചു.**

ഒപ്പ്
രജിസ്ട്രാർ

ഒപ്പ്
വൈസ് ചാൻസിലർ